പ്രമേയം നാല്

# ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും

## THINKERS, BELIEFS AND BUILDINGS

## സാംസ്കാരിക വികാസങ്ങൾ

(CULTURAL DEVELOPMENTS)

**ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ.വരെ**

(*c.* 600 BCE-600 CE)



ചിത്രം 4.1
സാഞ്ചിയിൽ നിന്നുള്ള ഒരു ശില്പം

ദാർശനികരെക്കുറിച്ചും അവർ ജീവിച്ചിരുന്ന ലോകത്തെ അറിയുവാൻ അവർ നടത്തിയ പരിശ്രമങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ ഈ അധ്യായത്തിൽ നമുക്ക് ഒരായിരം വർഷങ്ങളിലൂടെ ഒരു ദീർഘസഞ്ചാരം നടത്തേണ്ടതുണ്ട്. അവരുടെ ആശയങ്ങൾ വാമൊഴിയായും വരമൊഴിയായും ശേഖരിക്കപ്പെട്ടതെങ്ങനെയെന്നും വാസ്തുവിദ്യയിലൂടെയും ശില്പകലയിലൂടെയും അവ പ്രകടിപ്പിക്കപ്പെട്ടതെങ്ങനെയെന്നും നമുക്ക്കാണാം. ഇവയൊക്കെ ഈ ചിന്തകർക്ക് ജനങ്ങൾക്കിടയിലുള്ള സ്ഥായിയായ സ്വാധീനത്തിന്റെ സൂചകങ്ങളാണ്. നമ്മൾ ബുദ്ധമതത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾത്തന്നെ, ഈ പാരമ്പര്യം ഒറ്റപ്പെട്ടല്ല വികസിച്ചതെന്ന് ഓർത്തിരിക്കേണ്ടത് പ്രധാനമാണ് - മറ്റ് അനേകം പാരമ്പര്യങ്ങളും അവിടെ നിലനിന്നിരുന്നു. ഇവ ഓരോന്നും മറ്റൊന്നിനോട് വാദപ്രതിവാദങ്ങളിലും സംവാദങ്ങളിലും ഏർപ്പെട്ടിരുന്നു.

ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും ഈ വിസ്മയ ലോകത്തെ പുനസൃഷ്ടിക്കാൻ ചരിത്രകാരർ ഉപയോഗിച്ചിരിക്കുന്ന സ്രോതസ്സുകളിൽ ബുദ്ധ, ജൈന, ബ്രാഹ്മണ ഗ്രന്ഥങ്ങളും സ്മാരകങ്ങൾ, ലിഖിതങ്ങൾ മുതലായ വിശാലവും മതിപ്പുളവാക്കുന്നതുമായ ഭൗതികാവശിഷ്ടങ്ങളും ഉൾപ്പെടുന്നു. അക്കാലഘട്ടത്തിലെ ഏറ്റവും മികച്ച സംരക്ഷിത സ്മാരകങ്ങളിലൊന്നാണ് സാഞ്ചിയിലെ സ്തൂപം. അതിന് പ്രമുഖമായ ഒരുപ്രാധാന്യം ഈ അധ്യായത്തിൽ നൽകുന്നു.

D4Z5M7

### 1. സാഞ്ചിയിലേക്ക് ഒരു നോട്ടം (A GLIMPSE OF SANCHI)

**പത്തൊമ്പതാംനൂറ്റാണ്ടിലെ സാഞ്ചി**

**(Sanchi in the nineteenth century)**

ഭോപ്പാലിന് ഏകദേശം 20 മൈൽ വടക്കുകിഴക്ക് ഞങ്ങൾ ഇന്നലെ സന്ദർശിച്ച ഒരു കുന്നിൻ ചരുവിലുള്ള ചെറുഗ്രാമമായ സാഞ്ചി കനഖേരയിലാണ് ഭോപ്പാൽ രാജ്യത്തെ ഏറ്റവും വിസ്മയകരമായ പുരാതന സൗധങ്ങളുള്ളത്. ഞങ്ങളിവിടെ ബുദ്ധന്റെ കൽപ്രതിമകളും ശില്പങ്ങളും ഒരുപുരാതന പ്രവേശനകവാടവും പരിശോധിച്ചു... ഈ അവശിഷ്ടങ്ങൾ യൂറോപ്പിൽ നിന്നുള്ളവരിൽ അതീവതാൽപര്യം ജനിപ്പിച്ചിരുന്നിരിക്കാം. മേജർ അലക്സാണ്ടർ കണ്ണിങ്ഹാം... ഇതിനുസമീപത്തായി ആഴ്ചകൾ താമസിക്കുകയും ഈ അവശിഷ്ടങ്ങളെ അതീവ ശ്രദ്ധയോടെ പരിശോധിക്കുകയും ചെയ്തു. അദ്ദേഹം ഈ പ്രദേശത്തിന്റെ രേഖാചിത്രങ്ങൾ തയാറാക്കുകയും ലിഖിതങ്ങൾ വായിക്കുകയും താഴികക്കുടങ്ങൾക്കു താഴേക്ക് തുരന്നു പരിശോധിക്കുകയും ചെയ്തു. തന്റെ അന്വേഷണങ്ങളുടെ ഫലങ്ങളെക്കുറിച്ച് ഒരു ഇംഗ്ലീഷ് കൃതിയിൽ അദ്ദേഹം വിവരിച്ചിരുന്നു...

ഭോപ്പാലിലെ നവാബായ ഷാജഹാൻ ബീഗം (ഭരണകാലം (1868 – 1901) രചിച്ചതും 1876 ൽ എച്ച് ഡി ബാർസ്റ്റോവ് പരിഭാഷപ്പെടുത്തിയതുമായ *താജ് - ഉൽ ഇക്ബാൽ താരീഖ് ഭോപ്പാൽ (എ ഹിസ്റ്ററി ഓഫ് ഭോപ്പാൽ)* എന്ന പുസ്തകത്തിൽ നിന്ന്.



ചിത്രം 4.2 ഷാജഹാൻ ബീഗം

പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യർ സാഞ്ചിയിലെ സ്തൂപത്തോട് അതീവതാൽപ്പര്യം കാണിച്ചു. യഥാർഥത്തിൽ, നന്നായി സംരക്ഷിക്കപ്പെട്ടിരുന്ന അതിന്റെ കിഴക്കൻ പ്രവേശനകവാടം, ഫ്രാൻസിലെ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് കൊണ്ടുപോകാൻ ഫ്രഞ്ചുകാർ ഷാജഹാൻ ബീഗത്തിന്റെ അനുവാദം തേടിയിരുന്നു. കുറച്ചുകാലത്തേക്ക് ചില ഇംഗ്ലീഷുകാർക്കും അതേ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഭാഗ്യവശാൽ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും സ്തൂപത്തിന്റെ ശ്രദ്ധാപൂർവം തയാറാക്കിയ പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ടുള്ള പകർപ്പുകൾകൊണ്ട് തൃപ്തിപ്പെടുകയും അങ്ങനെ യഥാർഥസ്തൂപം ഭോപ്പാൽ രാജ്യത്തിന്റെ ഭാഗമായി അതേ സ്ഥലത്തുതന്നെ നിലകൊള്ളുകയും ചെയ്തു.

ഭോപ്പാലിലെ ഭരണാധികാരികളായ ഷാജഹാൻ ബീഗവും അവരുടെ പിൻഗാമിയായിരുന്ന സുൽത്താൻ ജഹാൻ ബീഗവും ഈ പൗരാണികമായ സ്ഥലം സംരക്ഷിക്കാനായി പണം നൽകിയിരുന്നു. അപ്പോൾ സാഞ്ചിയെക്കുറിച്ചെഴുതിയ തന്റെ പ്രധാന വാല്യങ്ങൾ ജോൺമാർഷൽ സുൽത്താൻ ജഹാന് സമർപ്പിച്ചതിൽ അദ്ഭുതമില്ല. അവിടെ നിർമ്മിച്ച മ്യൂസിയത്തിനും അതുപോലെ, അദ്ദേഹം താമസിച്ചു വാല്യങ്ങളുടെ രചന നടത്തിയ അവിടത്തെ അതിഥി മന്ദിരത്തിനും അവരാണ് ധനസഹായം നൽകിയത്. ഇതിനോടൊപ്പം വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിനും അവർ പണം നൽകി. സാഞ്ചിയിലെ സ്മാരകസമുച്ചയം ഇന്നും നിലനിൽക്കുന്നുവെങ്കിൽ, അത് ഇത്തരം വിവേകപൂർവമായ തീരുമാനങ്ങൾ കൊണ്ടുമാത്രമല്ല, റെയിൽവേ കരാറുകാർ, കെട്ടിട നിർമ്മാതാക്കൾ, യൂറോപ്പിലെ മ്യൂസിയങ്ങളിലേക്ക് വസ്തുക്കൾ കടത്തുവാനായി നോക്കി നടക്കുന്നവർ എന്നിവരുടെ കണ്ണുകളിൽ നിന്ന് രക്ഷപ്പെട്ടതിലെ ഭാഗ്യം നിമിത്തവുമാണ്. ഏറ്റവും പ്രധാനപ്പെട്ട ബുദ്ധമതകേന്ദ്രങ്ങളിൽ ഒന്നായ സാഞ്ചിയുടെ കണ്ടെത്തൽ ആദ്യകാല ബുദ്ധമതത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ വലിയ അളവിൽ മാറ്റി മറിച്ചു. ഇന്ന് ഒരുസുപ്രധാന പുരാവസ്തുകേന്ദ്രത്തെ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ എങ്ങനെ വിജയകരമായി പുനസ്ഥാപിച്ചു സംരക്ഷിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമായി ഇന്ന് സാഞ്ചി നിലകൊള്ളുന്നു.

എന്നാൽ എന്താണ് ഈ സ്മാരകത്തിന്റെ പ്രാധാന്യം? ഈ സ്തൂപം നിർമ്മിച്ചതെന്തിനായിരുന്നു? അതിനകത്ത് എന്താണുള്ളത്? അതിനു ചുറ്റും ഒരു കൽവേലി തീർത്തതെന്തിനായിരുന്നു? ആ സമുച്ചയം നിർമ്മിച്ചത്

ചിത്രം 4.3
*സാഞ്ചിയിലെ മഹത്തായ സ്തൂപം*
ഡൽഹിയിൽ നിന്ന് ഭോപ്പാലിലേക്ക് തീവണ്ടിമാർഗം യാത്രചെയ്താൽ, ഒരു കുന്നിൻമുകളിൽ, അതിനു കിരീടം ചാർത്തിയതുപോലെ, സ്ഥിതി ചെയ്യുന്ന രാജകീയ പ്രൗഢിയുള്ള സ്തൂപങ്ങളുടെ സമുച്ചയം നിങ്ങൾക്ക് കാണാൻകഴിയും. നിങ്ങൾ ഗാർഡിനോട് അഭ്യർഥിച്ചാൽ സാഞ്ചിയിലെ ഈ ചെറിയ റെയിൽവേസ്റ്റേഷനിൽ അദ്ദേഹം രണ്ടു മിനിറ്റ് ട്രെയിൻ നിർത്തിത്തരും – നിങ്ങൾക്ക് താഴെയിറങ്ങുവാൻ മതിയായത്രസമയം. കുന്നിൻ മുകളിലേക്കു കയറിയാൽ അവിടെ നിങ്ങൾക്ക് ഒരു വലിയ മൺകുനയും അഞ്ചാംനൂറ്റാണ്ടിൽ പണികഴിപ്പിച്ച ഒരു ക്ഷേത്രമുൾപ്പെടെയുള്ള മറ്റു സ്മാരകങ്ങളും അടങ്ങുന്ന ഒരു കെട്ടിടസമുച്ചയം കാണാം



➲ **ചർച്ച ചെയ്യുക...**

ഷാജഹാൻ ബീഗത്തിന്റെ വിവരണങ്ങളുമായി ചിത്രം 4.3 ൽ നിങ്ങൾ കണ്ട കാര്യങ്ങൾ താരതമ്യം ചെയ്യുക. എന്തൊക്കെ സമാനതകളും വ്യത്യാസങ്ങളുമാണ് നിങ്ങൾ കാണുന്നത്?

*സ്രോതസ്സ് 1*

**അഗ്നിയോടുള്ള ഒരു പ്രാർഥന (A prayer to Agni)**

മറ്റു ദേവതകൾക്കുള്ള അർച്ചനകൾ സമർപ്പിക്കുന്ന യാഗാഗ്നിയായി മിക്കപ്പോഴും കണക്കാക്കപ്പെടുന്ന തീയുടെ, ദൈവമായ അഗ്നിദേവനോടുള്ള രണ്ടു *ഋഗ്വേദ*പ്രാർഥനാ ശ്ലോകങ്ങൾ:

ഓ, മഹാശക്തനേ, ഞങ്ങളുടെ ഈ യാഗം ദൈവങ്ങൾക്കു നൽകണമേ

ഓ, മഹാവിജ്ഞാനീ,
ഓ, മഹാപുരോഹിതാ, വർഷിക്കൂ
ഭക്ഷണം ഞങ്ങൾക്കു സമൃദ്ധമായി

ഓ, അഗ്നേ,
അങ്ങയോടപേക്ഷിക്കുന്നവന്
അനവരതമരുളൂ, നിത്യപോഷണത്തെ,
വിശിഷ്ട പശുവിനെ.
വംശത്തുടർച്ചയ്ക്കൊരു മുള,
ഒരു പുത്രൻ ഞങ്ങൾക്കുണ്ടാകട്ടെ...

വൈദിക സംസ്കൃതം എന്നറിയപ്പെടുന്ന ഒരു പ്രത്യേക സംസ്കൃത ഭാഷാ രീതിയിലാണ് ഇത്തരം ശ്ലോകങ്ങൾ രചിക്കപ്പെട്ടിരുന്നത്. പുരോഹിത കുടുംബത്തിൽപ്പെട്ട പുരുഷന്മാരെ ഇവ വാമൊഴിയായി പഠിപ്പിച്ചിരുന്നു.

➲ യാഗോദ്ദേശ്യങ്ങൾ പട്ടികപ്പെടുത്തുക.

അഥവാ അതിന് പണം നൽകിയത് ആരായിരുന്നു? എപ്പോഴാണ് അത് "കണ്ടുപിടിക്കപ്പെട്ടത്"? സാഞ്ചിയുടെ മനംകവരുന്ന ഒരു കഥ നമുക്ക് അനാവരണം ചെയ്യാൻ കഴിയും. പക്ഷേ അതിന് ഗ്രന്ഥങ്ങൾ, ശില്പകല, വാസ്തുവിദ്യ, ലിഖിതങ്ങൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളെ സമന്വയിപ്പിക്കണം. ആദ്യകാല ബുദ്ധമത പാരമ്പര്യത്തിന്റെ പശ്ചാത്തലം ആരാഞ്ഞുകൊണ്ട് നമുക്ക് ആരംഭിക്കാം.

## 2. പശ്ചാത്തലം (The Background) :

### യാഗങ്ങളും സംവാദങ്ങളും (Sacrifices and Debates)

ബി.സി.ഇ. ഒന്നാം സഹസ്രാബ്ദത്തിന്റെ മധ്യകാലഘട്ടം ലോകചരിത്രത്തിലെ ഒരു വഴിത്തിരിവായി കണക്കാക്കപ്പെടുന്നു: ഇറാനിലെ സരത്തുസ്ട്ര, ചൈനയിലെ കോങ്സി, ഗ്രീസിലെ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ഇന്ത്യയിലെ മഹാവീരൻ, ഗൗതമ ബുദ്ധൻ എന്നിവരെപ്പോലുള്ള അനേകം ചിന്തകരുടെ ആവിർഭാവത്തിന് ഈകാലം സാക്ഷ്യം വഹിച്ചു. അവർ അസ്തിത്വത്തിന്റെ നിഗൂഢതകളെയും മനുഷ്യനും പ്രപഞ്ചക്രമവും തമ്മിലുള്ള ബന്ധത്തെയും മനസ്സിലാക്കാൻ ശ്രമിച്ചു. ഗംഗാതടത്തിൽ പുതിയ രാജ്യങ്ങളും നഗരങ്ങളും വികസിക്കുകയും സാമൂഹിക സാമ്പത്തിക ജീവിതം പല വിധത്തിൽ മാറുകയും ചെയ്ത കാലവുമായിരുന്നു ഇത് (അധ്യായം രണ്ടും മൂന്നും). ഈ ചിന്തകർ ഇത്തരം സംഭവവികാസങ്ങളെയും മനസ്സിലാക്കാൻ ശ്രമിച്ചു.

### 2.1 യാഗപാരമ്പര്യം (The sacrificial tradition)

ഏകദേശം ബി.സി.ഇ. 1500 നും 1000 നും ഇടയിൽ രചിക്കപ്പെട്ട *ഋഗ്വേദത്തിൽ* കാണപ്പെടുന്ന ആദ്യകാല വേദപാരമ്പര്യങ്ങളുൾപ്പെടെ അനേകം പാരമ്പര്യചിന്താധാരകളും മതവിശ്വാസങ്ങളും ആചാരങ്ങളും മുമ്പേതന്നെ നിലനിന്നിരുന്നു. വിവിധ ആരാധനമൂർത്തികളെ, പ്രത്യേകിച്ച് അഗ്നി, ഇന്ദ്രൻ, സോമൻ എന്നിവരെ സ്തുതിച്ചുകൊണ്ടുള്ള സൂക്തങ്ങളാണ് *ഋഗ്വേദത്തിന്റെ* ഉള്ളടക്കം. കന്നുകാലികൾ, പുത്രൻമാർ, ആരോഗ്യം, ദീർഘായുസ്സ് എന്നിവയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് ജനങ്ങൾ നടത്തിയിരുന്ന യാഗങ്ങളിലാണ് ഇവയിൽ പല സൂക്തങ്ങളും ഉരുവിട്ടിരുന്നത്.

തുടക്കത്തിൽ, യാഗങ്ങൾ സമൂഹമായിട്ടായിരുന്നു നടത്തിയിരുന്നത്. പിന്നീട് (ഏകദേശം ബി.സി.ഇ. 1000 – ബി.സി.ഇ. 500 മുതൽ) ഗൃഹനാഥർ കുടുംബക്ഷേമത്തിനായി ഇതിൽ ചില യാഗങ്ങൾ നടത്താൻ ആരംഭിച്ചു. കൂടുതൽ വിപുലമായ യാഗങ്ങളായ *രാജസൂയം, അശ്വമേധം* മുതലായവ നടത്തിയിരുന്നത് മുഖ്യന്മാരും രാജാക്കന്മാരുമായിരുന്നു. ഈ അനുഷ്ഠാനങ്ങൾ നടത്തുന്നതിന് ഇവർ ബ്രാഹ്മണ പുരോഹിതരെയാണ് ആശ്രയിച്ചിരുന്നത്.

### 2.2 നൂതനമായ ചോദ്യങ്ങൾ (New questions)

ഉപനിഷത്തുക്കളിൽ കാണുന്ന പല ആശയങ്ങളിൽനിന്നും (ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ടു മുതൽ) ജീവിതത്തിന്റെ അർഥം, മരണാനന്തര ജീവിതത്തിന്റെ സാധ്യത, പുനർജന്മം തുടങ്ങിയവയെക്കുറിച്ച് ജനങ്ങൾ ജിജ്ഞാസുക്കളായിരുന്നെന്ന് കാണാം. ഭൂതകാല കർമ്മങ്ങളുടെ ഫലമാണോ പുനർജന്മം? ഇത്തരം വിഷയങ്ങൾ ചൂടേറിയ സംവാദങ്ങൾക്ക് വിധേയമായി. പരമമായ സത്യത്തിന്റെ

സ്വഭാവം മനസ്സിലാക്കുന്നതിനും ആവിഷ്ക്കരിക്കുന്നതിനും ചിന്തകർ ഉത്സുകരായിരുന്നു. വേദപാരമ്പര്യത്തിന് പുറത്തുള്ള മറ്റു ചിലർ ഒരു പരമമായ സത്യം നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നുതന്നെ ആരാഞ്ഞു. യാഗപാരമ്പര്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങൾ സൂക്ഷ്മമായി ചിന്തിക്കാൻ തുടങ്ങി.

## 2.3 സംവാദങ്ങളും ചർച്ചകളും (Debates and discussions)

ബുദ്ധമതഗ്രന്ഥങ്ങളിൽ നിന്ന് അക്കാലത്തെ സജീവ ചർച്ചകളെക്കുറിച്ചും സംവാദങ്ങളെക്കുറിച്ചുമുള്ള സൂചനകൾ നമുക്കുലഭിക്കുന്നു. അറുപത്തിനാലുവിഭാഗങ്ങളെ അഥവാ വീക്ഷണഗതികളെക്കുറിച്ചും ഇവ പരാമർശിക്കുന്നുണ്ട്. ആചാര്യന്മാർ നാടുതോറും യാത്രചെയ്ത്, തങ്ങളുടെ തത്ത്വചിന്തയെ അഥവാ തങ്ങൾ പ്രപഞ്ചത്തെ മനസ്സിലാക്കിയ രീതിയെക്കുറിച്ച് ഇതരഗുരുക്കന്മാരുമായും സാമാന്യജനങ്ങളുമായും സംവദിക്കുകയും അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ദേശാടനഭിക്ഷുക്കൾ തങ്ങിയിരുന്ന ഉപവനങ്ങളിലോ *കുടഗാരശാലകളിലോ* (സൂചികാഗ്ര മേൽക്കൂരയോടു കൂടിയത് എന്ന് അക്ഷരാർഥം) ആയിരുന്നു ഇത്തരം സംവാദങ്ങൾ നടന്നിരുന്നത്. ഒരു തത്ത്വചിന്തകൻ തന്റെ എതിരാളികളിൽ ഒരാളെ ബോധ്യപ്പെടുത്തുന്നതിൽ വിജയിച്ചാൽ ആ എതിരാളികളുടെ അനുയായികളെല്ലാം അദ്ദേഹത്തിന്റെ ശിഷ്യരായിത്തീരുമായിരുന്നു. അതിനാൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ പിന്തുണ ഓരോ കാലത്തും ഏറുകയോ കുറയുകയോ ചെയ്തിരുന്നു.

ഈ ആചാര്യരിൽ പലരും മഹാവീരനും ബുദ്ധനുമുൾപ്പെടെ, വേദങ്ങളുടെ ആധികാരികതയെ ചോദ്യം ചെയ്തു. അവർ വ്യക്തിഗത കർതൃത്വത്തിന് ഊന്നൽ നൽകി - ലൗകികജീവിതത്തിന്റെ പരീക്ഷണങ്ങളിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും മോചനം നേടാൻ സ്ത്രീപുരുഷന്മാർക്കു സാധിക്കുമെന്ന് നിർദേശിച്ചു. ബ്രാഹ്മണിക നിലപാടുകളിൽനിന്നുതികച്ചും വ്യത്യസ്തമായിരുന്നു ഇത്. ബ്രാഹ്മണിക നിലപാടനുസരിച്ച് നമ്മൾ കണ്ടതുപോലെ, ഒരു വ്യക്തിയുടെ നിലനിൽപ്പുനിർണയിക്കുന്നത് അവന്റെ അല്ലെങ്കിൽ അവളുടെ ഒരുപ്രത്യേക ജാതിയിലോ ലിംഗത്തിലോ ഉള്ള ജന്മമാണ്.

*സ്രോതസ്സ് 2*

### ഉപനിഷത്തുക്കളിലെ ശ്ലോകങ്ങൾ (Verses from the Upanishads)

ഏകദേശം ബി.സി.ഇ. ആറാംനൂറ്റാണ്ടിൽ രചിക്കപ്പെട്ട സംസ്കൃതഗ്രന്ഥമായ ഛന്ദോഗ്യ ഉപനിഷത്തിൽ നിന്നുള്ള രണ്ടു ശ്ലോകങ്ങൾ:

**ആത്മന്റെ (അഹം) പ്രകൃതം**

അന്തർഹൃദയത്തിൽ ആത്മാവായി വർത്തിക്കുന്ന എന്റെ ഈ ആത്മാവ് നെന്മണിയെക്കാൾ ചെറുതാണ്; യവത്തെക്കാൾ ചെറുതാണ്; കടുകിനെക്കാൾ ചെറുതാണ്; ചാമയെക്കാൾ ചെറുതാണ്; ചാമയരിയെക്കാൾ ചെറുതാണ്. എന്റെ അന്തർഹൃദയത്തിൽ ആത്മാവായിരിക്കുന്ന ഇത്, അതേസമയം ഭൂലോകത്തെക്കാൾ വളരെ വലുതാണ്; അന്തരീക്ഷ ലോകത്തെക്കാൾ വളരെ വലുതാണ്; സ്വർഗലോകത്തെക്കാൾ വളരെ വലുതാണ്; ഈ ലോകങ്ങളെല്ലാം ചേർന്നതിനെക്കാളും വളരെ വലുതാണ്.

**യഥാർഥ ത്യാഗം**

ഈ വീശുന്ന കാറ്റ്, ഇതു തീർച്ചയായും ഒരു ത്യാഗമാണ്...
വീശുന്ന സമയം, അത് ഇതിനെയെല്ലാം പവിത്രീകരിക്കുന്നു; ആകയാൽ തീർച്ചയായും അതൊരു ത്യാഗമാണ്.

## ബുദ്ധമതഗ്രന്ഥങ്ങൾ തയാറാക്കപ്പെട്ടതും സംരക്ഷിക്കപ്പെട്ടതും എങ്ങനെ (How Buddhist texts were prepared and preserved)


ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും വാമൊഴിയായാണ് ബുദ്ധൻ (മറ്റ് ആചാര്യന്മാരും) പഠിപ്പിച്ചിരുന്നത്. പുരുഷന്മാരും സ്ത്രീകളും (ഒരുപക്ഷേ കുട്ടികളും) ഈ പ്രഭാഷണങ്ങളിൽ പങ്കെടുക്കുകയും അവിടെ ശ്രവിച്ച കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തിരുന്നു. ബുദ്ധന്റെ പ്രഭാഷണങ്ങളിൽ ഒന്നുപോലും അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ എഴുതിവയ്ക്കപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ മരണശേഷം (ഏകദേശം ബി.സി.ഇ. അഞ്ച്-നാല് നൂറ്റാണ്ടുകളിൽ) അദ്ദേഹത്തിന്റെ ഉപദേശങ്ങൾ "മുതിർന്നവരുടെ" അഥവാ മുതിർന്ന സന്യാസിമാരുടെ ഒരു സഭയിൽ വെസാലിയിൽ (ഇന്നത്തെ ബിഹാറിലെ വൈശാലിയുടെ പാലി രൂപം) വച്ച് ശിഷ്യന്മാർ സമാഹരിച്ചു ഗ്രന്ഥരൂപത്തിലാക്കി. വ്യത്യസ്തതരം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന മൂന്നുകുട്ടകൾ എന്നർഥം വരുന്ന *തിപിടക* എന്ന പേരിലാണ് ഈ സമാഹാരം അറിയപ്പെടുന്നത്. തുടക്കത്തിൽ അവ വാമൊഴിയായി പകർന്നെങ്കിലും പിന്നീട് എഴുതപ്പെടുകയും ദൈർഘ്യത്തിന്റെയും വിഷയത്തിന്റെയും അടിസ്ഥാനത്തിൽ തരംതിരിക്കപ്പെടുകയും ചെയ്തു.

*വിനയ പിടക*ത്തിൽ ഉൾപ്പെട്ടിരുന്നത് *സംഘ*ത്തിൽ അഥവാ സന്യാസി മഠങ്ങളിൽ ചേർന്നവർക്ക് വേണ്ടിയുള്ള നിയമങ്ങളും നിയന്ത്രണങ്ങളുമാണ്; ബുദ്ധന്റെ ഉപദേശങ്ങളാണ് *സുത്ത പിടക*ത്തിൽ ഉൾപ്പെട്ടിരുന്നത്; ദാർശനിക കാര്യങ്ങളാണ് *അഭിധമ്മ പിടക* കൈകാര്യം ചെയ്തിരുന്നത്. ഓരോ പിടകത്തിലും ധാരാളം വ്യക്തിഗത ഗ്രന്ഥങ്ങൾ ഉൾപ്പെട്ടിരുന്നു. പിൽക്കാലത്ത്, ഈ ഗ്രന്ഥങ്ങൾക്ക് ബുദ്ധമത പണ്ഡിതന്മാർ വ്യാഖ്യാനങ്ങൾ രചിക്കുകയുണ്ടായി.

ശ്രീലങ്കപോലെയുള്ള പുതിയ പ്രദേശങ്ങളിലേക്ക് ബുദ്ധമതം എത്തിച്ചേർന്നതോടെ, *ദീപവംശ* (അക്ഷരാർഥത്തിൽ, ദ്വീപിന്റെ ദിനവൃത്താന്തം) *മഹാവംശ* (ബൃഹത് ദിനവൃത്താന്തം) എന്നിവപോലുള്ള, ബുദ്ധമതത്തിന്റെ പ്രാദേശിക ചരിത്രങ്ങൾ ഉൾക്കൊള്ളുന്ന, മറ്റു ഗ്രന്ഥങ്ങളും രചിക്കപ്പെട്ടു. ഈ കൃതികളിൽ പലതും ബുദ്ധന്റെ ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. ഏറ്റവും പഴയഗ്രന്ഥങ്ങളിൽ ചിലത് പാലിഭാഷയിലാണ്, അതേസമയം പിന്നീടുള്ള രചനകൾ സംസ്കൃതത്തിലായിരുന്നു.

ബുദ്ധമതം കിഴക്കനേഷ്യയിൽ വ്യാപിച്ചപ്പോൾ, ഫാ സിയാൻ, സ്യൂയാൻ സാങ് മുതലായ തീർഥാടകർ കാതങ്ങൾ താണ്ടി ചൈനയിൽനിന്ന് ഇന്ത്യയിലേക്ക് ഗ്രന്ഥങ്ങൾ അന്വേഷിച്ചെത്തി. ഇവയെല്ലാം അവർ സ്വദേശത്തേക്കു മടക്കിക്കൊണ്ടുപോവുകയും അവിടെവച്ച് പണ്ഡിതന്മാർ അവ വിവർത്തനം നടത്തുകയുംചെയ്തു. ബുദ്ധന്റെ ഉപദേശങ്ങളുടെ പ്രചരണാർഥം വിദൂരദേശങ്ങളിലേക്കുപോയ ഭാരതീയബുദ്ധമത ആചാര്യന്മാരും ഗ്രന്ഥങ്ങൾ കൈവശം കൊണ്ടുപോവുകയുണ്ടായി.

ഏഷ്യയിലെ വിവിധ ഭാഗങ്ങളിലുള്ള സന്യാസി മഠങ്ങളിൽ ബുദ്ധമതഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികൾ നിരവധി നൂറ്റാണ്ടുകളായി സംരക്ഷിച്ചു പോന്നിരുന്നു. പാലി, സംസ്കൃതം, ചൈനീസ്, ടിബറ്റൻ ഗ്രന്ഥങ്ങളിൽനിന്ന് ആധുനിക വിവർത്തനങ്ങൾ തയാറാക്കപ്പെട്ടിട്ടുണ്ട്.



*ചിത്രം 4.4 സംസ്കൃതത്തിൽ എഴുതപ്പെട്ട ഒരു ബൗദ്ധ കയ്യെഴുത്തുപ്രതി, ഏകദേശം പന്ത്രണ്ടാം നൂറ്റാണ്ട്*

*ശ്രോതസ്സ് 3*

## വിധിവാദികളും ഭൗതികവാദികളും?
## (Fatalists and materialists?)

*സുത്ത പിടക*ത്തിൽ മഗധയുടെ രാജാവായ അജാതശത്രുവും ബുദ്ധനും തമ്മിൽ നടത്തിയ സംഭാഷണം വിവരിക്കുന്ന ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്:
ഒരവസരത്തിൽ രാജാവായ അജാതശത്രു ബുദ്ധനെ സന്ദർശിക്കുകയും മറ്റൊരു ഗുരുവായ മക്കാലി ഗോസലൻ തന്നോടുപറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തോട് വിവരിക്കുകയുമുണ്ടായി:
"ഈ നന്മയിലൂടെ... ഈ തപശ്ചര്യയിലൂടെ... ഞാൻ കർമ്മം നേടും... എന്നു ജ്ഞാനി ആഗ്രഹിക്കുന്നു... ഇതേമാർഗം പിന്തുടർന്ന് ക്രമേണ കർമ്മത്തിൽ നിന്നു മോചനം നേടാമെന്ന് മൂഢനും പ്രതീക്ഷിക്കുന്നു, എങ്കിലും ഇരുവർക്കും അതു സാധ്യമല്ല. *സംസാരഗതി*യിൽ അളന്നു ചേർത്ത സുഖദുഃഖങ്ങൾ മാറ്റി മറിക്കാനാവില്ല. ഇതു കൂട്ടാനും കഴിയില്ല, കുറയ്ക്കാനും കഴിയില്ല... ഒരു നൂലുണ്ട എറിയുമ്പോൾ അതിന്റെ മുഴുവൻ നീളവും അഴിഞ്ഞഴിഞ്ഞു തീരുന്നതുപോലെ, വിഢ്ഢിയും ബുദ്ധിമാനും ഒരുപോലെ, ദുഖം നിറഞ്ഞ അന്ത്യത്തിലേക്കു യാത്ര ചെയ്തുകൊണ്ടേയിരിക്കുന്നു."

അജിത കേശകംബളിൻ എന്നു പേരായ മറ്റൊരു തത്ത്വചിന്തകൻ പഠിപ്പിച്ചത് ഇങ്ങനെയാണ്:
"ഓ രാജാവേ, ദാനധർമ്മം, ത്യാഗം, നേർച്ച എന്നിവയൊന്നുമില്ല... ഇഹലോകം, പരലോകം എന്നിവയുമില്ല...

ഒരു മനുഷ്യൻ നാല് ഘടകങ്ങളാൽ നിർമ്മിതമാണ്. അവൻ മരിക്കുമ്പോൾ അവനിലെ ഖരാംശം ഭൂമിയിൽ ലയിക്കുന്നു, ദ്രവാംശം വെള്ളത്തിലും ചൂട് തീയിലും ശ്വാസം വായുവിലും ഇന്ദ്രിയങ്ങൾ ശൂന്യാന്തരീക്ഷത്തിലും ലയിക്കുന്നു...

വരപ്രസാദം ലഭിക്കുമെന്നത് മൂഢന്മാരുടെ തത്ത്വമാണ്, പൊള്ളയായ നുണയാണത്... മൂഢന്മാരും ജ്ഞാനികളും ഒരുപോലെ മരിക്കുകയും നശിക്കുകയും ചെയ്യും. മരണത്തിന് ശേഷം അവർ ജീവിക്കുന്നില്ല".

ഇതിൽ ആദ്യത്തെ ഗുരു ആജീവിക പാരമ്പര്യത്തിൽപ്പെടുന്ന ആളാണ്. അവർ പലപ്പോഴും വിശേഷിപ്പിക്കപ്പെടുന്നത് വിധിവാദികൾ എന്നാണ്: എല്ലാ കാര്യങ്ങളും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണെന്ന് വിശ്വസിക്കുന്നവരാണിവർ. പൊതുവെ ഭൗതികവാദികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലോകായത പാരമ്പര്യത്തിൽപ്പെട്ടയാളാണ് രണ്ടാമത്തെ ഗുരു. ഈ പാരമ്പര്യങ്ങളെക്കുറിച്ചുള്ള രചനകൾ ഒന്നുംതന്നെ നിലവിലില്ല. അതിനാൽ മറ്റു പാരമ്പര്യങ്ങളുടെ സൃഷ്ടികളിൽ നിന്നു മാത്രമേ നമുക്ക് അവയെക്കുറിച്ച് അറിയാൻ കഴിയൂ.

➲ ഈ മനുഷ്യരെ വിധിവാദികളെന്നും ഭൗതികവാദികളെന്നും വിശേഷിപ്പിക്കുന്നത് ഉചിതമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

### ➲ ചർച്ച ചെയ്യുക...

ഗ്രന്ഥങ്ങൾ ലഭ്യമല്ലാത്തതോ നഷ്ടപ്പെട്ടതോ ആകുമ്പോൾ ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും ചരിത്രം പുനർനിർമ്മിക്കുന്നതിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?



*ചിത്രം 4.6*
*മധുരയിൽ നിന്നുള്ള ഒരു തീർഥങ്കരന്റെ രൂപം. ഏകദേശം സി.ഇ. മൂന്നാം നൂറ്റാണ്ട്*

## 3. ലൗകിക സുഖങ്ങൾക്കപ്പുറം (BEYOND WORLDLY PLEASURES)

### മഹാവീരന്റെ സന്ദേശം (THE MESSAGE OF MAHAVIRA)

മഹാവീരൻ എന്നറിയപ്പെട്ട വർധമാനന്റെ ജനനത്തിനുമുമ്പേതന്നെ ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ജൈനരുടെ അടിസ്ഥാന തത്ത്വചിന്ത വടക്കേ ഇന്ത്യയിൽ നിലനിന്നിരുന്നു. ജൈനപാരമ്പര്യമനുസരിച്ച്, മഹാവീരനുമുമ്പേ ഇരുപത്തിമൂന്ന് ആചാര്യർ അല്ലെങ്കിൽ *തീർഥങ്കരർ* ഉണ്ടായിരുന്നു. ജീവിതനദി മുറിച്ചുകടക്കാൻ സ്ത്രീപുരുഷന്മാരെ നയിക്കുന്നവർ എന്നാണ് *തീർഥങ്കരൻ* എന്ന വാക്കിന്റെ അർഥം.

ജൈനമതാശയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ലോകം മുഴുവനും സചേതനമാണ് : കല്ലുകൾക്കും പാറകൾക്കും ജലത്തിനുപോലും ജീവനുണ്ട് എന്നതാണ്. ജീവനുള്ള ഒന്നിനെയും പ്രത്യേകിച്ച്, മനുഷ്യരെയും മൃഗങ്ങളെയും സസ്യങ്ങളെയും പ്രാണികളെയും ഉപദ്രവിക്കാതിരിക്കുക എന്നതാണ് ജൈനതത്ത്വചിന്തയുടെ കേന്ദ്രാശയം. വാസ്തവത്തിൽ, ജൈനമതത്തിനുള്ളിൽ ഏറെ ഊന്നൽ നൽകിയ അഹിംസ എന്ന തത്ത്വം ഇന്ത്യൻ തത്ത്വചിന്തയെ മൊത്തത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ജൈനതത്ത്വങ്ങൾ പ്രകാരം, ജനനം, പുനർജന്മം എന്നിവയുടെ ചക്രം രൂപപ്പെട്ടിരിക്കുന്നത് കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്. കർമ്മചക്രത്തിൽ നിന്നു സ്വയം സ്വാതന്ത്ര്യമാകണമെങ്കിൽ സന്ന്യാസവും തപസ്സും ആവശ്യമാണ്. ഇതു ഭൗതിക ജീവിതത്തെ പരിത്യജിച്ചുകൊണ്ടു മാത്രമേ നേടാനാവൂ, അതുകൊണ്ട്, മോക്ഷപ്രാപ്തിക്ക് സന്ന്യാസജീവിതം ഒരു അനിവാര്യ ഉപാധിയാണ്. ജൈനസന്ന്യാസിമാരും സന്ന്യാസിനിമാരും അഞ്ചു വ്രതങ്ങൾ എടുത്തിരുന്നു: ഒന്നിനെയും കൊല്ലരുത്; മോഷ്ടിക്കരുത്; കള്ളം പറയരുത്; ബ്രഹ്മചര്യം അനുഷ്ഠിക്കുക; സ്വത്ത് കൈവശം വയ്ക്കാതിരിക്കുക.

*സ്രോതസ്സ് 4*

**കൊട്ടാരത്തിനുമപ്പുറമുള്ള ലോകം (The world beyond the palace)**

ബുദ്ധന്റെ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ അനുയായികൾ സംഗ്രഹിച്ചതുപോലെ, മഹാവീരന്റെ ഉപദേശങ്ങളും അദ്ദേഹത്തിന്റെ ശിഷ്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പലപ്പോഴും സാമാന്യജനങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കഥകളുടെ രൂപത്തിലായിരുന്നു. ഉദാഹരണമായി, പ്രാകൃത് ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള *ഉത്തരാധ്യയന സുത്ത*യിൽ, കമലാവതി എന്ന് പേരുള്ള രാജ്ഞി തന്റെ ഭർത്താവിനെ ലൗകികത പരിത്യജിക്കാൻ പ്രേരിപ്പിക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്നുണ്ട്:

ഈ മുഴുവൻ ലോകവും അതിലുള്ള സകല സമ്പത്തും നിങ്ങളുടേതായാലും താങ്കൾ സംതൃപ്തനാകില്ല, ഇവയ്ക്കൊന്നിനും താങ്കളെ രക്ഷിക്കാനും കഴിയില്ല. അല്ലയോ രാജാവേ, താങ്കൾ മരിക്കുമ്പോൾ എല്ലാ വസ്തുക്കളും ഇവിടെ ഉപേക്ഷിച്ചു പോകുമ്പോൾ, ധമ്മ മാത്രം, അതല്ലാതെ മറ്റൊന്നും താങ്കളെ രക്ഷിക്കുകയില്ല. ഒരു പറവ ബന്ധനത്തെ വെറുക്കുന്നത് എങ്ങനെയാണോ, അപ്രകാരം ഞാനും വെറുക്കുന്നു (ഈ ലോകത്തെ). സന്താനങ്ങളില്ലാതെ ഒരു ഭിക്ഷുകിയായി ഞാൻ ജീവിക്കും ആഗ്രഹങ്ങളില്ലാതെ, ലാഭനേട്ടങ്ങളോടുള്ള അത്യാർത്തിയില്ലാതെ, വിദ്വേഷം ഇല്ലാതെ...

സുഖഭോഗങ്ങൾ ആസ്വദിച്ചവർ അവ പരിത്യജിക്കുമ്പോൾ, കാറ്റിനെപ്പോലെ സഞ്ചരിക്കുന്നു; അവർക്കിഷ്ടമുള്ള ഇടങ്ങളിലേക്ക് പോകുന്നു, പറക്കുമ്പോൾ ആരാലും തടയപ്പെടാത്ത പക്ഷികളെപ്പോലെ ...

താങ്കളുടെ വിശാലമായ രാജ്യം ഉപേക്ഷിക്കൂ... എന്താണോ ഇന്ദ്രിയങ്ങളെ സന്തോഷിപ്പിക്കുന്നത് അവയെ പരിത്യജിക്കൂ, ബന്ധനങ്ങളിൽ നിന്നും വസ്തുവകകളിൽ നിന്നും മുക്തനാകൂ, എന്നിട്ട് കഠിനമായ തപശ്ചര്യകൾ അനുഷ്ഠിക്കൂ, അടിയുറച്ച് ഊർജത്തോടെ നിലകൊള്ളൂ...

➲ രാജ്ഞി മുന്നോട്ടുവച്ച വാദഗതികളിൽ നിങ്ങൾക്ക് ഏറ്റവും യുക്തിസഹമായി തോന്നുന്നത് ഏതാണ്?

### 3.1 ജൈനമതത്തിന്റെ വ്യാപനം (The spread of Jainism)

ക്രമേണ, ജൈനമതം ഇന്ത്യയുടെ പലഭാഗങ്ങളിലേക്കും വ്യാപിച്ചു. ബുദ്ധമതക്കാരെപോലെ, ജൈന പണ്ഡിതരും മികച്ച സാഹിത്യഗ്രന്ഥങ്ങൾ പ്രാകൃതം, സംസ്കൃതം, തമിഴ് മുതലായ നിരവധി ഭാഷകളിൽ രചിക്കുകയുണ്ടായി. ഈ കൃതികളുടെ കൈയെഴുത്തുപ്രതികൾ ക്ഷേത്രങ്ങളോടു ചേർന്നുള്ള ഗ്രന്ഥശാലകളിൽ നൂറ്റാണ്ടുകളോളം ശ്രദ്ധാപൂർവം സംരക്ഷിക്കപ്പെട്ടിരുന്നു.

ജൈന *തീർഥങ്കരന്മാരുടെ* ഭക്തരാണ് മതപാരമ്പര്യങ്ങളുമായി ബന്ധപ്പെട്ട ഏറ്റവും ആദ്യത്തെ കൽപ്രതിമകളിൽ ചിലത് നിർമ്മിച്ചത്. അവ ഉപഭൂഖണ്ഡത്തിലുടനീളമുള്ള പല സ്ഥലങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

➲ **ചർച്ച ചെയ്യുക...**
അഹിംസ എന്ന ആശയം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പ്രസക്തമാണോ?



*ചിത്രം 4.6*
*പതിനാലാം നൂറ്റാണ്ടിലെ ഒരു ജൈന കയ്യെഴുത്തുപ്രതിയിലെ ഒരു പുറം*

➲ നിങ്ങൾക്ക് ഈ ലിപി തിരിച്ചറിയാനാകുമോ?

## 4. ബുദ്ധനും ജ്ഞാനോദയത്തിനു വേണ്ടിയുള്ള അന്വേഷണവും (The Buddha and the Quest for Enlightenment)

അക്കാലഘട്ടത്തിലെ ഏറ്റവും സ്വാധീനമുള്ള ആചാര്യരിൽ ഒരാളായിരുന്നു ബുദ്ധൻ. നൂറ്റാണ്ടുകളിലൂടെ അദ്ദേഹത്തിന്റെ സന്ദേശം ഉപഭൂഖണ്ഡത്തിലും അതിനപ്പുറത്തേക്കും വ്യാപിച്ചു. മധ്യേഷ്യ വഴി ചൈന, കൊറിയ, ജപ്പാൻ എന്നിവിടങ്ങളിലേയ്ക്കും ശ്രീലങ്ക വഴി, കടലുകൾ കടന്ന് മ്യാൻമാർ, തായ്‌ലാൻഡ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലേയ്ക്കും വ്യാപിച്ചു.

ബുദ്ധന്റെ ഉപദേശങ്ങളെക്കുറിച്ച് നമുക്ക് എങ്ങനെ അറിയാൻ സാധിക്കുന്നു? മുമ്പേ പരാമർശിക്കപ്പെട്ട ബുദ്ധമതകൃതികളെ ശ്രദ്ധാപൂർവം ചിട്ടപ്പെടുത്തിയും വിവർത്തനം ചെയ്തും വിശകലനം നടത്തിയും ഇവ പുനർനിർമ്മിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധന്റെ പുണ്യാത്മചരിത്രങ്ങളിൽ (hagiographies) നിന്ന് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വിശദാംശങ്ങൾ പുനർനിർമ്മിക്കാനും ചരിത്രകാരർ ശ്രമിച്ചിട്ടുണ്ട്. ബുദ്ധന്റെ കാലശേഷം ഒരുനൂറ്റാണ്ടെങ്കിലും കഴിഞ്ഞ ശേഷമാണ് ഇവയിൽ പലതും ലിഖിതവൽക്കരിക്കപ്പെട്ടതെന്ന് കരുതുന്നു. തങ്ങളുടെ മഹാനായ ആചാര്യന്റെ സ്മരണ നിലനിർത്തുന്നതിനുള്ള ഒരു ശ്രമമെന്ന നിലയിലാവാം ഇവ രചിക്കപ്പെട്ടിരിക്കുന്നത്.

*ഒരു വിശുദ്ധന്റെയോ മതനേതാവിന്റെയോ ജീവചരിത്രമാണ് ഹേഗിയോഗ്രാഫി (പുണ്യാത്മചരിത്രം). ഹേഗിയോഗ്രഫികൾ മിക്കപ്പോഴും വിശുദ്ധരുടെ നേട്ടങ്ങളെ സ്തുതിക്കുന്നു; കൂടാതെ അവ എപ്പോഴും അക്ഷരം പ്രതി ശരിയാകണമെന്നുമില്ല. ഒരു പ്രത്യേക പാരമ്പര്യത്തിലെ അനുയായികളുടെ വിശ്വാസങ്ങളെക്കുറിച്ച് നമ്മോട് പറയുന്നതിനാൽ അവ നമുക്ക് പ്രധാനപ്പെട്ടതാണ്.*

ഈ പാരമ്പര്യങ്ങൾ അനുസരിച്ച് ജനനസമയത്ത് സിദ്ധാർഥൻ എന്നു വിളിക്കപ്പെട്ട ബുദ്ധൻ ഒരു ശാക്യവംശത്തലവന്റെ മകനായിരുന്നു. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളിൽനിന്നും അകറ്റി അദ്ദേഹത്തെ കൊട്ടാരത്തിനുള്ളിൽ തന്നെ പാർപ്പിച്ചിരുന്നു. ഒരുദിവസം തന്നെ നഗരത്തിലേക്ക് കൊണ്ടുപോകാൻ അദ്ദേഹം തന്റെ തേരാളിയെ പ്രേരിപ്പിച്ചു. പുറംലോകത്തിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യയാത്ര മാനസികാഘാതം ഉളവാക്കുന്നതായിരുന്നു. ഒരുവൃദ്ധനെയും രോഗിയെയും മൃതശരീരത്തേയും കാണാനിടയായത് അദ്ദേഹത്തിൽ ശക്തമായ മനോവേദന ഉണ്ടാക്കി. മനുഷ്യശരീരത്തിന് അപചയവും തകർച്ചയും അനിവാര്യമാണെന്ന് ആനിമിഷത്തിൽ അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹം അലഞ്ഞുനടക്കുന്ന ഒരു പരിവ്രാജകനെയും കാണുകയുണ്ടായി. അയാൾ വാർധക്യത്തോടും രോഗപീഡകളോടും മരണത്തോടും സമരസപ്പെട്ട് സമാധാനം കണ്ടെത്തിക്കഴിഞ്ഞെന്ന് അദ്ദേഹത്തിനു തോന്നി. താനും അതേപാത പിന്തുടരുമെന്നു സിദ്ധാർഥനും തീരുമാനിച്ചു. തന്റേതായ സത്യം കണ്ടെത്തുന്നതിലേക്കായി അദ്ദേഹം അധികം വൈകാതെ കൊട്ടാരം ഉപേക്ഷിച്ചു യാത്രതിരിച്ചു.

ആത്മപീഡനം ഉൾപ്പെടെയുള്ള പല മാർഗങ്ങളും സിദ്ധാർഥൻ പരീക്ഷിച്ചു. അത് അദ്ദേഹത്തെ മരണത്തിന്റെ വക്കിൽ വരെ കൊണ്ടെത്തിച്ചു. അങ്ങേയറ്റത്തെ ഈ കഠിന മാർഗങ്ങൾ ഉപേക്ഷിച്ച് അദ്ദേഹം ദിവസങ്ങളോളം ധ്യാനനിരതനാവുകയും അവസാനം ജ്ഞാനോദയം കൈവരിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ബുദ്ധൻ അല്ലെങ്കിൽ അറിവുള്ളവൻ എന്നറിയപ്പെടാൻ തുടങ്ങി. ജീവിതത്തിന്റെ ശിഷ്ടകാലം, അദ്ദേഹം *ധമ്മയെ*ക്കുറിച്ച് അഥവാ ശരിയായ ജീവിതമാർഗത്തെക്കുറിച്ചു പഠിപ്പിച്ചു.

ചിത്രം 4.7
ആന്ധ്രാപ്രദേശിലെ അമരാവതിയിൽ നിന്നുള്ള ഒരു ശില്പം (ഏകദേശം സി.ഇ. [illegible]), കൊട്ടാരം ഉപേക്ഷിച്ച് പോകുന്ന ബുദ്ധനെ ചിത്രീകരിക്കുന്നത്



**➲ ചർച്ച ചെയ്യുക...**

ബുദ്ധന്റെ ജീവിതത്തെക്കുറിച്ച് നിങ്ങൾക്ക് അറിയില്ലായിരുന്നെങ്കിൽ, ഈ ശില്പത്തിൽ ചിത്രീകരിച്ചിരിക്കുന്നതെന്താണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമായിരുന്നോ?

## 5. ബുദ്ധന്റെ ഉപദേശങ്ങൾ
## (THE TEACHINGS OF THE BUDDHA)

പ്രധാനമായും *സുത്ത പിടകത്തിലുള്ള* കഥകളിൽനിന്നാണ് ബുദ്ധന്റെ തത്ത്വങ്ങൾ പുനർനിർമ്മിക്കപ്പെട്ടിരിക്കുന്നത്. ചിലകഥകൾ അദ്ദേഹത്തിന്റെ അത്ഭുതശക്തികളെക്കുറിച്ച് വിവരിക്കുന്നതാണെങ്കിലും പ്രകൃത്യാതീത ശക്തികളുടെ പ്രദർശനങ്ങളിലൂടെയല്ല മറിച്ച്, യുക്തിയും ഉപദേശവും ഉപയോഗിച്ചാണ് ബുദ്ധൻ ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചതെന്ന് മറ്റുകഥകൾ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, കുഞ്ഞു മരിച്ചുപോയ ദുഖാർത്തയായ ഒരു സ്ത്രീ ബുദ്ധനെ സമീപിച്ചപ്പോൾ, അവരുടെ മകനു ജീവൻ തിരിച്ചു നൽകുന്നതിനു പകരം മരണത്തിന്റെ അനിവാര്യതയെക്കുറിച്ച് അവരെ ശാന്തമായി ബോധ്യപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. സാധാരണ ജനങ്ങളുടെ സംസാരഭാഷയിലായിരുന്നു ഈ കഥകളെല്ലാം വിവരിക്കപ്പെട്ടത് എന്നതുകൊണ്ട് അവ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നു.

ബുദ്ധമതദർശനപ്രകാരം, ലോകം ക്ഷണികവും *(അനിച്ച-anicca)* നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. *ശാശ്വതമോ* സ്ഥിരമോ ആയി ലോകത്തിൽ ഒന്നുമില്ലാത്തതിനാൽ അതിന് ആത്മാവും ഇല്ല *(അനാത്ത-anatta)*. ക്ഷണികമായ ഈ ലോകത്തിൽ ദുഃഖം *(ദുഃഖ-dukkha)* മനുഷ്യന്റെ അസ്തിത്വത്തിൽ അന്തർലീനമാണ്. കഠിനമായ തപസ്സിനും ശക്തമായ ഭോഗാസക്തിക്കും ഇടയിൽ മിതത്വത്തിന്റെ പാത പിന്തുടർന്നാലാണ്, മനുഷ്യർക്ക് ലൗകിക ക്ലേശങ്ങളെ മറികടക്കാൻ സാധിക്കുക. ബുദ്ധമതത്തിന്റെ ആദ്യകാല രൂപങ്ങളിൽ ദൈവം ഉണ്ടോ ഇല്ലയോ എന്നത് അപ്രസക്തമായിരുന്നു.

*സ്രോതസ്സ് 5*

**ബുദ്ധദർശനം പ്രായോഗികതലത്തിൽ**
**(Buddhism in practice)**

*സുത്ത പിടകത്തിൽ* നിന്നുള്ള ഈ ഭാഗത്തിൽ, ബുദ്ധൻ ഒരു സമ്പന്ന ഗൃഹനാഥനായ സിഗാലയ്ക്ക് നൽകുന്ന ഉപദേശമാണ് ഉദ്ധരിച്ചിരിക്കുന്നത്:

അഞ്ചു വിധത്തിൽ ഒരു യജമാനൻ തന്റെ ഭൃത്യൻമാരെയും ജോലിക്കാരെയും പരിപാലിക്കണം... അവരുടെ കായികശക്തിക്കനുസരിച്ചുള്ള ജോലിക്ക് നിയോഗിച്ചുകൊണ്ട്, അവർക്ക് ഭക്ഷണവും കൂലിയും നൽകിക്കൊണ്ട്, അവരെ രോഗാവസ്ഥയിൽ പരിചരിച്ചുകൊണ്ട്; അവരുടെ വികാരങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ചിലപ്പോഴൊക്കെ അവധി നൽകിക്കൊണ്ടും...

അഞ്ചുതരത്തിൽ ഗോത്രജനങ്ങൾ *ശ്രമണന്മാരുടെയും* (ലോകത്തെ പരിത്യജിച്ചവരുടെ) ബ്രാഹ്മണരുടേയും ആവശ്യങ്ങൾ നിറവേറ്റണം: സ്നേഹത്തോടെയുള്ള പ്രവൃത്തിയിലൂടെയും സംസാരത്തിലൂടെയും ചിന്തയിലൂടെയും അവർക്ക് അഭയം നൽകിയും അവരുടെ ലൗകികാവശ്യങ്ങൾ നിറവേറ്റിയും.

തന്റെ മാതാപിതാക്കളോടും ഗുരുക്കന്മാരോടും ഭാര്യയോടും എങ്ങനെ പെരുമാറണമെന്ന് സിഗാലയ്ക്ക് സമാനമായ നിർദേശങ്ങൾ നൽകുന്നുണ്ട്.

➲ മാതാപിതാക്കൾ, ഗുരുനാഥൻ, ഭാര്യ എന്നിവരെക്കുറിച്ച് നൽകിയ നിർദേശങ്ങൾ എന്തായിരിക്കാം.

**➲ ചർച്ച ചെയ്യുക...**

സിഗാലയോടുള്ള ബുദ്ധന്റെ ഉപദേശങ്ങളെ, പ്രജകളോടുള്ള അശോകന്റെ ഉപദേശങ്ങളുമായി താരതമ്യം ചെയ്യുക (അധ്യായം 2). എന്തെങ്കിലും സാമ്യങ്ങളോ വ്യത്യാസങ്ങളോ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

സാമൂഹ്യലോകം ദൈവസൃഷ്ടിയേക്കാൾ മനുഷ്യനിർമ്മിതമാണെന്നാണ് ബുദ്ധൻ കരുതിയത്. അതുകൊണ്ട്, രാജാക്കന്മാരും *ഗഹപതി*മാരും (അധ്യായം 2 കൂടി കാണുക) മനുഷ്യത്വമുള്ളവരും ധാർമ്മികരും ആയിരിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു. വ്യക്തിപരമായ പരിശ്രമങ്ങൾ സാമൂഹ്യ ബന്ധങ്ങളിൽ മാറ്റംവരുത്തുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു.

പുനർജന്മചക്രത്തിൽനിന്നു മോചനം നേടാനും ആത്മസാക്ഷാത്കാരം നേടാനും *നിബ്ബാന (Nibbana)* (അഹന്തയുടെയും ആശയുടെയും ഇല്ലാതാക്കലാണ് *നിബ്ബാന*) സ്വന്തമാക്കുന്നതിനും ഉള്ള മാർഗങ്ങൾ വ്യക്തിഗതമായ കർതൃത്വവും ധാർമ്മികമായ പ്രവൃത്തിയുമാണെന്ന് ബുദ്ധൻ ഊന്നിപ്പറഞ്ഞു. ഈ മാർഗങ്ങളിലൂടെയാണ് ലോകത്തെ ഉപേക്ഷിച്ചവർക്ക് സഹനചക്രത്തിന്റെ അന്ത്യംകുറിക്കാൻ കഴിയുന്നത്. ബുദ്ധപാരമ്പര്യമനുസരിച്ച് ബുദ്ധൻ തന്റെ അനുയായികളോടു പറഞ്ഞ അവസാനവാക്കുകൾ ഇങ്ങനെയായിരുന്നു: "നിങ്ങൾ അവനവന്റെ മോചനം സ്വയം നേടേണ്ടവരായതിനാൽ ഓരോരുത്തരും അവനവന് വിളക്കാകുക."

## 6. ബുദ്ധന്റെ അനുയായികൾ (Followers of the Buddha)

പെട്ടെന്നു തന്നെ ബുദ്ധന്റെ ശിഷ്യരുടെ ഒരുകൂട്ടം വളർന്നുവരുകയും അദ്ദേഹം *ധമ്മ (dhamma)* പഠിപ്പിക്കുന്നവരായിത്തീർന്ന സന്യാസിമാരുടെ കൂട്ടായ്മയായ *സംഘം (Sangha)* സ്ഥാപിക്കുകയും ചെയ്തു. സാമാന്യജനങ്ങളിൽനിന്നു ദിവസേന ഒരുനേരത്തെ ഭക്ഷണം ഭിക്ഷയായി സ്വീകരിക്കുന്നതിനുള്ള ഭിക്ഷാപാത്രംപോലെ അത്യാവശ്യമായ ചിലവസ്തുക്കൾ മാത്രം സ്വന്തമായുണ്ടായിരുന്ന ഈ സന്യാസിമാർ ലളിതജീവിതമാണ് നയിച്ചിരുന്നത്. ഭിക്ഷയെടുത്തു ജീവിച്ചിരുന്നതുകൊണ്ട് ഇവർ *ഭിക്ഖുകൾ (bhikkhus)* എന്നറിയപ്പെട്ടു.

തുടക്കത്തിൽ, പുരുഷന്മാരെ മാത്രമേ *സംഘ*ത്തിൽ അനുവദിച്ചിരുന്നുള്ളുവെങ്കിലും പിന്നീട് സ്ത്രീകൾക്കും പ്രവേശനം ലഭിച്ചു. ബുദ്ധമതഗ്രന്ഥങ്ങൾ പ്രകാരം, ബുദ്ധന്റെ പ്രിയ ശിഷ്യനായ ആനന്ദന്റെ മധ്യസ്ഥതയിലൂടെയാണ് ഇതു സാധ്യമായത്. അദ്ദേഹത്തിന്റെ പ്രേരണമൂലമാണ് ബുദ്ധൻ സ്ത്രീകളെ *സംഘത്തി*ലേക്ക് പ്രവേശിപ്പിക്കാൻ അനുമതി നൽകിയത്. ബുദ്ധന്റെ വളർത്തമ്മയായ മഹാപജാപതി ഗോതമിയായിരുന്നു *ഭിക്ഖുനി*യായിത്തീർന്ന ആദ്യവനിത. *സംഘത്തിൽ* പ്രവേശിച്ച പല സ്ത്രീകളും ധമ്മപ്രചാരകരായി മാറി. ചിലരൊക്കെ വീണ്ടുംവളർന്ന് *ഥേരികൾ (theris)* എന്നറിയപ്പെടുന്ന, മോക്ഷം സിദ്ധിച്ച ബഹുമാന്യ വനിതകളായിത്തീരുകയും ചെയ്തു.

ബുദ്ധന്റെ അനുയായികൾ പല സാമൂഹികവിഭാഗങ്ങളിൽനിന്നു വന്നവരായിരുന്നു. അവരിൽ രാജാക്കന്മാർക്കും ധനവാന്മാർക്കും *ഗഹപതി*കൾക്കുമൊപ്പം തൊഴിലാളികളും അടിമകളും കരകൗശലപ്പണിക്കാരും അടക്കമുള്ള താഴ്ന്ന ജനവിഭാഗങ്ങളും ഉൾപ്പെട്ടിരുന്നു. *സംഘ*ത്തിൽ അംഗമാകുന്നതോടെ തങ്ങളുടെ മുൻ സാമൂഹികസ്വത്വം ഉപേക്ഷിച്ച് *ഭിക്ഖു*വോ *ഭിക്ഖുനി*യോ ആയിത്തീരുമെന്നതിനാൽ *സംഘ*ത്തിൽ എല്ലാവരും തുല്യരായി പരിഗണിക്കപ്പെട്ടു. *സംഘത്തി*ന്റെ ആഭ്യന്തരപ്രവർത്തനങ്ങൾ *ഗണ*ങ്ങളുടെയും *സംഘ*ങ്ങളുടെയും കീഴ്വഴക്കങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു നടന്നിരുന്നത്. അവിടെ ചർച്ചകളിലൂടെയാണ് സമവായത്തിലെത്തിച്ചേർന്നിരുന്നത്. അതു പരാജയപ്പെട്ടാൽ, തീരുമാനങ്ങൾ എടുത്തിരുന്നത് വിഷയത്തിന്മേലുള്ള വോട്ടെടുപ്പിലൂടെയായിരുന്നു.

*സ്രോതസ്സ് 6*

## തേരീഗാഥ
## (The *Therigatha* )

*സുത്ത പിടകത്തി*ന്റെ ഭാഗമായ ഈ അതുല്യ ബൗദ്ധകൃതി, *ഭിക്കുണിമാർ* രചിച്ച കാവ്യങ്ങളുടെ ഒരു സമാഹാരമാണ്. ഇതു സ്ത്രീകളുടെ സാമൂഹികവും ആത്മീയവുമായ അനുഭവങ്ങളെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുന്നു. ഒരു *ദാസി* അഥവാ അടിമസ്ത്രീയായ പുന്ന, തന്റെ യജമാനഗൃഹത്തിലേക്ക് വെള്ളം കോരുന്നതിന് ഓരോ പ്രഭാതത്തിലും നദിയിലേക്കു പോകുമായിരുന്നു. അവിടെ അവൾ നിത്യേന ഒരു ബ്രാഹ്മണൻ ആചാരപരമായ സ്നാനം നടത്തുന്നത് കാണാറുണ്ടായിരുന്നു. ഒരു പ്രഭാതത്തിൽ അവൾ അദ്ദേഹത്തോടു സംസാരിച്ചു. ബ്രാഹ്മണനുമായുള്ള തന്റെ സംഭാഷണം രേഖപ്പെടുത്തിക്കൊണ്ട് പുന്ന രചിച്ച ശ്ലോകങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്:


ഞാൻ ഒരു ജലവാഹകയാണ്:
കഠിനമായ ശൈത്യത്തിൽ പോലും
ഞാൻ എല്ലായ്പ്പോഴും ജലത്തിലേക്കിറങ്ങാറുണ്ട്
കഠിനമാം ദണ്ഡനത്തെ ഭയന്നും
വരേണ്യവനിതകൾതൻ ക്രുദ്ധവചനങ്ങളെ ഭയന്നും
അല്ലയോ ബ്രാഹ്മണ, എന്തു ഭയന്നു നീ
ഈ ജലത്തിൽ മുങ്ങി നിവരുന്നു
ഈ കൊടിയതണുപ്പിനാൽ നിന്നംഗങ്ങൾ വിറയ്ക്കുമ്പോഴും?

ബ്രാഹ്മണൻ ഉരചെയ്തു:
തിന്മയെ അകറ്റാൻ ഞാൻ ഈ നന്മ ചെയ്തീടുന്നു;
തിന്മകൾ ചെയ്തവർ ആരാകിലും
ബാലനോ വൃദ്ധനോ ഏതാകിലും
ഈ ജലസ്നാനത്താൽ മുക്തരായീടും

പുന്ന മറുമൊഴി ചൊല്ലീ:
നിന്നോട് ആരുരചെയ്തു
ജല സ്നാനത്തിലൂടെ നീ പാപവിമുക്തനായീടുമെന്ന്? ......
അങ്ങനെയാവുകിൽ, സകല മണ്ഡൂകങ്ങളും കൂർമ്മങ്ങളും ജല ഉരഗങ്ങളും മുതലകളും എന്നേ സ്വർഗത്തെ പുൽകിയേനെ!
അരുത് നീ ചെയ്യരുതിപ്രകാരം
ജലസ്നാനത്തിലേക്ക് നയിക്കുന്ന
തൊന്നും ഭയന്നു നീ,
നിർത്തുക ബ്രാഹ്മണാ ഈ നിമിഷം
ഈ തണുപ്പിൽ നിന്ന് നിന്റെ ചർമ്മം രക്ഷിക്കുക....

➲ ഈ രചനയിലൂടെ ബുദ്ധന്റെ ഏതു ഉപദേശങ്ങളാണ് വെളിവാകുന്നത്?

*ചിത്രം 4.8*
*ഒരു സ്ത്രീ ജലവാഹക, മഥുര, ഏകദേശം സി.ഇ. രണ്ടാം നൂറ്റാണ്ട്*



സ്രോതസ്സ് 7

### സന്യാസിമാർക്കും സന്യാസിനികൾക്കുമുള്ള നിയമങ്ങൾ (Rules for monks and nuns)

*വിനയ പിടക*ത്തിൽ പറഞ്ഞിരിക്കുന്ന ചില നിയമങ്ങളാണിവ :

ഒരു ഭിക്കു ഒരു പുതിയ കമ്പിളിത്തുണി (പുതപ്പ്/വിരിപ്പ്) നെയ്തെടുത്തുകഴിഞ്ഞാൽ, അതു (കുറഞ്ഞത്) ആറുവർഷമെങ്കിലും ഉപയോഗിച്ചിരിക്കണം. ആറുവർഷമാകുന്നതിനുംമുമ്പ് ഒരുസന്യാസി പുതിയൊരു കമ്പിളി (പുതപ്പ്/വിരി) നെയ്തെടുത്താൽ ആദ്യത്തേത് ഉപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും മറ്റു *ഭിക്കുമാർ* അനുവദിച്ചിട്ടില്ലെങ്കിൽ, ഈ പുതിയത് കണ്ടുകെട്ടുകയും അയാളെക്കൊണ്ട് കുറ്റസമ്മതം നടത്തിക്കുകയും വേണം.

ഒരു ഗൃഹത്തിലെത്തുന്ന ഒരു *ഭിക്കു*വിന് മധുരപലഹാരമോ വേവിച്ച ധാന്യഭക്ഷണമോ നൽകിയാൽ, അയാൾ ആഗ്രഹിക്കുന്ന പക്ഷം രണ്ടോ മൂന്നോ കപ്പു ഭക്ഷണം മാത്രം അയാൾക്ക് സ്വീകരിക്കാം. അതിൽക്കൂടുതൽ അയാൾ സ്വീകരിക്കുകയാണെങ്കിൽ അത് ഏറ്റുപറയേണ്ടതാണ്. രണ്ടോ മൂന്നോ പാത്രം ഭക്ഷണം സ്വീകരിക്കുകയും അവിടെനിന്ന് അത് കൊണ്ടുപോവുകയും ചെയ്യുകയാണെങ്കിൽ, അതു മറ്റു *ഭിക്കു*കളുമായി പങ്കുവയ്ക്കേണ്ടതാണ്. ഇതാണ് ഇവിടത്തെ ശരിയായനടപടിക്രമം.

*സംഘത്തിന്റെ* ഉടമസ്ഥതയിലുള്ള ഏതെങ്കിലും താമസസ്ഥലത്ത് തങ്ങാൻ നിശ്ചയിച്ചുകൊണ്ടോ, അങ്ങനെചെയ്യാൻ മുന്നേ നിശ്ചയിച്ചതുകൊണ്ടോ, ഏതെങ്കിലും ഒരു *ഭിക്കു* യാത്ര തിരിക്കുന്നതും അതു മാറ്റി വയ്ക്കാതെയോ മാറ്റിവയ്ക്കപ്പെടാതെയോ പിന്തിരിയുന്നതോ അനുമതിയില്ലാതെ പുറപ്പെടുന്നതും അയാൾ കുറ്റസമ്മതം നടത്തേണ്ട കാര്യമാണ്.

➲ ഈ രചനയിലൂടെ ബുദ്ധന്റെ ഏതു ഉപദേശങ്ങളാണ് വെളിവാകുന്നത്?

ബുദ്ധൻ ജീവിച്ചിരുന്ന കാലത്തും അദ്ദേഹത്തിന്റെ മരണാനന്തരവും ബുദ്ധമതം ദ്രുതഗതിയിൽ വളർന്നു. അന്നു നിലനിന്നിരുന്ന മതപരമായ ആചാരങ്ങളിൽ അസംതൃപ്തി തോന്നുകയും തങ്ങൾക്കു ചുറ്റും ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹികമാറ്റങ്ങളിൽ ആശയക്കുഴപ്പത്തിലകപ്പെടുകയും ചെയ്ത ധാരാളം ആളുകൾ ബുദ്ധമതത്തിൽ ആകൃഷ്ടരായി. ജനനത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥാനത്തെക്കാളേറെ പെരുമാറ്റത്തിനും മൂല്യങ്ങൾക്കും നൽകിയ പ്രാധാന്യം, തന്നെക്കാൾ ഇളയവരോടും ബലഹീനരോടുമുള്ള പ്രത്യേകമായ സഹാനുഭൂതി (*മെത്ത/metta*), *കരുണ* (*compassion*) എന്നിവ ബുദ്ധമത ഉപദേശങ്ങളിലേക്ക് സ്ത്രീ/പുരുഷന്മാരെ ആകർഷിച്ച ആശയങ്ങളായിരുന്നു.

➲ ചർച്ച ചെയ്യുക...

പുന്നയെപ്പോലെ ഒരു ദാസി, ബുദ്ധ *സംഘത്തിൽ* ചേരാൻ ആഗ്രഹിച്ചത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?


## 7. സ്തൂപങ്ങൾ (STUPAS)

ജൈന ബ്രാഹ്മണ പാരമ്പര്യങ്ങളോടും എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ വേറെയും പല പാരമ്പര്യങ്ങളോടുമുള്ള സംവാദങ്ങളിലൂടെയാണ് ബൗദ്ധാശയങ്ങളും ആചാരങ്ങളും ആവിർഭവിച്ചത് എന്നു നാം കണ്ടു. വിശുദ്ധസ്ഥലങ്ങൾ തിരിച്ചറിയപ്പെട്ട രീതികളിൽ, ഈ പറഞ്ഞ ചില പരസ്പര സമ്പർക്കങ്ങൾ കാണുവാൻ സാധിക്കും.

ഏറ്റവും പഴയകാലംമുതൽതന്നെ ജനങ്ങൾ ചില സ്ഥലങ്ങളെ വിശുദ്ധമായി കണക്കാക്കിയിരുന്നു. ഇവയിൽ സവിശേഷമായ വൃക്ഷങ്ങളോ, അസാധാരണമായ ശിലകളോ, വിസ്മയകരമായ പ്രകൃതി സൗന്ദര്യമോ ഉള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു. ചെറുക്ഷേത്രങ്ങൾകൂടി നിർമ്മിച്ചു ചേർക്കപ്പെട്ട ഈ സ്ഥലങ്ങൾ, ചിലപ്പോൾ *ചൈത്യങ്ങൾ (chaityas)* എന്നു വിശേഷിപ്പിക്കപ്പെട്ടു.

ശവദാഹത്തിനായുള്ള എന്നർഥമാക്കുന്ന *ചിത* എന്ന വാക്കിന്റെ വിപുലീകരണമായി ശവസംസ്കാരത്തിനുള്ള *ചിത* എന്ന നിലയ്ക്കുമാവാം *ചൈത്യ* എന്ന വാക്ക് രൂപപ്പെട്ടത്.

ബുദ്ധമത സാഹിത്യകൃതികൾ നിരവധി *ചൈത്യ*ങ്ങളെ പരാമർശിക്കുന്നു. കൂടാതെ, ബുദ്ധൻ ജനിച്ച ലുംബിനി, ബോധോദയം നേടിയ ബോധ്ഗയ, ആദ്യ ധർമ്മപ്രഭാഷണം നടത്തിയ സാരനാഥ്, *നിര്യാണ*



(നിർവാണം) നേടിയ കുശിനഗര തുടങ്ങിയ, ബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാനസ്ഥലങ്ങളും ഈ പുസ്തകങ്ങളിൽ പരാമർശിക്കുന്നു. ക്രമേണ ഈ സ്ഥലങ്ങളോരോന്നും വിശുദ്ധമായി കണക്കാക്കപ്പെട്ടു. ബുദ്ധന്റെ ജീവിതകാലത്തിനും ഏകദേശം ഇരുന്നൂറുവർഷങ്ങൾക്കുശേഷം, താൻ ആ സ്ഥലം സന്ദർശിച്ചു എന്ന വസ്തുത അടയാളപ്പെടുത്താൻ അശോകൻ ലുംബിനിയിൽ ഒരു സ്തംഭം പണികഴിപ്പിച്ചു എന്നു നമുക്കറിയാം.

*സ്രോതസ്സ് 8*

**സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടതെന്തുകൊണ്ട്**
**(Why were stupas built)**

*സുത്തപിടക*ത്തിന്റെ ഭാഗമായ *മഹാപരിനിബ്ബാണസുത്ത*യിൽ നിന്നെടുത്ത ഭാഗമാണിവിടെ ഉദ്ധരിച്ചിരിക്കുന്നത്:

ബുദ്ധൻ മരണാസന്നനായി കിടക്കുമ്പോൾ, ആനന്ദൻ അദ്ദേഹത്തോട് ചോദിച്ചു:

"പ്രഭോ, തഥാഗത (ബുദ്ധന്റെ മറ്റൊരു പേര്) ന്റെ ഭൗതികാവശിഷ്ടം ഞങ്ങൾ എന്താണു ചെയ്യേണ്ടത്?"

ബുദ്ധൻ മറുപടി നൽകി:

"ആനന്ദാ, തഥാഗതന്റെ ഭൗതിക അവശിഷ്ടങ്ങളെ ആദരിച്ചുകൊണ്ട് നിങ്ങൾ സ്വയം തടസ്സപ്പെടുത്തേണ്ടതില്ല. ശുഷ്കാന്തിയുള്ളവരായിരിക്കുക, സ്വന്തം നന്മയിൽ ബദ്ധശ്രദ്ധരായിരിക്കുക."

എന്നാൽ പിന്നെയും നിർബന്ധിച്ചപ്പോൾ ബുദ്ധൻ പറഞ്ഞു:

"നാല് കവലകളിൽ തഥാഗതനായി അവർ *തൂപങ്ങൾ* (സ്തൂപത്തിന്റെ പാലി രൂപം) പടുത്തുയർത്തണം. അവിടെ ആരൊക്കെയാണോ പൂമാലയോ സുഗന്ധദ്രവ്യങ്ങളോ അർപ്പിക്കുന്നത്... അഥവാ അവിടെ ഒരു ഉപചാരം അർപ്പിക്കുന്നത്, അഥവാ ആ സന്നിധിയിൽ ഹൃദയം ശാന്തമാക്കുന്നത്, അത് അവർക്ക് ദീർഘനാൾ നന്മയും സന്തോഷവും പ്രദാനം ചെയ്യും."

➲ ചിത്രം 4.15 നോക്കുകയും ഈ ആചാരങ്ങളിൽ ചിലത് തിരിച്ചറിയാൻ കഴിയുമോയെന്ന് പരിശോധിക്കുകയും ചെയ്യുക.

## 7.1 സ്തൂപങ്ങൾ നിർമ്മിച്ചത് എന്തിന് (Why were stupas built)

വിശുദ്ധമായി കണക്കാക്കപ്പെട്ട സ്ഥലങ്ങൾ വേറെയുമുണ്ടായിരുന്നു. ഇതിനു കാരണം ബുദ്ധന്റെ ഭൗതിക ശരീരാവശിഷ്ടങ്ങളോ അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളോ ഇവിടങ്ങളിൽ അടക്കം ചെയ്തിരുന്നു എന്നതാണ്. ഈ കുന്നുകളാണ് സ്തൂപങ്ങൾ എന്നറിയപ്പെട്ടിരുന്നത്.

സ്തൂപങ്ങൾ നിർമ്മിക്കുന്ന പാരമ്പര്യം ബുദ്ധമതകാലത്തിന് മുമ്പേതന്നെ ഉണ്ടായിരുന്നിരിക്കാം. എന്നാൽ, പിന്നീട് അതു ബുദ്ധമതവുമായി ബന്ധപ്പെട്ട ഒന്നായി മാറി. അതിലടങ്ങിയിരിക്കുന്ന അവശിഷ്ടങ്ങൾ പവിത്രമായി കണക്കാക്കപ്പെട്ടിരുന്നതിനാൽ, സ്തൂപം മുഴുവനായും ബുദ്ധന്റെയും ബുദ്ധമതത്തിന്റെയും ഒരുചിഹ്നം എന്നനിലയിൽ ആദരിക്കപ്പെടാൻ തുടങ്ങി. *അശോകവദന (Ashokavadana)* എന്നറിയപ്പെടുന്ന ബുദ്ധമത കൃതി പ്രകാരം, അശോകൻ തന്റെ പ്രധാന പട്ടണങ്ങളിലെല്ലാം ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങളുടെ ഭാഗങ്ങൾ വീതിച്ചുകൊടുക്കുകയും അവയ്ക്കുമുകളിൽ സ്തൂപങ്ങൾ നിർമ്മിക്കുവാൻ ഉത്തരവിടുകയും ചെയ്തു. ബി.സി.ഇ. രണ്ടാം നൂറ്റാണ്ടോടെ ഭർഹുത്, സാഞ്ചി, സാരനാഥ് (ഭൂപടം 1) എന്നിവിടങ്ങളിൽ ഉൾപ്പെടെ അനേകം സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടു.


## 7.2 സ്തൂപങ്ങൾ നിർമ്മിച്ചത് എങ്ങനെ (How were stupas built)

സ്തൂപങ്ങളുടെ അഴികളിലും തൂണുകളിലുമുള്ള ലിഖിതങ്ങളിൽ അവ നിർമ്മിക്കുന്നതിനും അലങ്കരിക്കുന്നതിനുമായി നൽകിയ സംഭാവനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചില സംഭാവനകൾ നൽകിയത് ശതവാഹനരെപ്പോലെയുള്ള രാജാക്കന്മാരായിരുന്നു; സംഭാവന നൽകിയ മറ്റു ചിലർ വർത്തകസംഘങ്ങൾ (ഗിൽഡുകൾ) ആയിരുന്നു, ഉദാഹരണമായി സാഞ്ചിയിലെ ഒരു പ്രവേശനകവാടം നിർമ്മിക്കുന്നതിന് ധനസഹായം നൽകിയത് ദന്തപ്പണിക്കാരുടെ വർത്തകസംഘമായിരുന്നു. തങ്ങളുടെ പേരുകളും ചില അവസരങ്ങളിൽ തങ്ങളുടെ സ്വദേശം, തൊഴിൽ, എന്നിവയും ബന്ധുക്കളുടെ പേരുകളും പരാമർശിച്ചുകൊണ്ട് നൂറുകണക്കിന് സ്ത്രീ പുരുഷന്മാർ സംഭാവനകൾ നൽകുകയുണ്ടായി. അതിനുപുറമേ *ഭിക്ഷു*കളും *ഭിക്ഷുണി*കളും ഈ സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് സംഭാവനകൾ നൽകിയിട്ടുണ്ട്.

## 7.3 സ്തൂപത്തിന്റെ ഘടന (The structure of the stupa)

തുടക്കത്തിൽ സ്തൂപം (കുന്ന എന്ന അർത്ഥമുള്ള സംസ്കൃത പദം) എന്നത് അർധവൃത്താകൃതിയിലുള്ള ഒരു ലളിതമായ മൺമേട് ആയി




*ചിത്രം 4.3*
*സാഞ്ചിയിൽ നിന്നുള്ള ഒരു വഴിപാടു ലിഖിതം. സമാനമായ നൂറുകണക്കിന് ലിഖിതങ്ങൾ ഭർഹുത്തിൽ നിന്നും അമരാവതിയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.*

രുന്നു. പിന്നീട് ഇത് *അണ്ഡം (anda)* എന്നറിയപ്പെട്ടു. ക്രമേണ വൃത്ത, സമചതുരാകൃതികളെ സന്തുലിതപ്പെടുത്തിക്കൊണ്ട് ഇതുകൂടുതൽ സങ്കീർണമായ ഘടനയായി രൂപാന്തരപ്പെട്ടു. *അണ്ഡ*യ്ക്കു മുകളിലായി, ദൈവങ്ങളുടെ വാസസ്ഥലത്തെ പ്രതിനിധാനം ചെയ്യുന്ന ബാൽക്കണി പോലെയുള്ള നിർമ്മിതിയായ *ഹർമിക (harmika)* ഉണ്ടായിരുന്നു. *ഹർമിക*യിൽ നിന്നുയർന്നുനിന്ന ഒരു കൊടിമരത്തെ *യാഷ്ടി (yashti)* എന്ന് വിളിച്ചിരുന്നു, പലപ്പോഴും ഇതിനു മുകളിലായി ഒരു *ഛത്രി (chhatri)* അഥവാ കുട ഉയർന്നു നിന്നിരുന്നു. മേടിനുചുറ്റുംതീർത്ത വേലികൾ ഈ വിശുദ്ധ ഇടത്തെ ലൗകിക ലോകത്തിൽനിന്നുവേർതിരിച്ചുനിർത്തി.


മുളകൊണ്ടോ തടികൊണ്ടോ തീർത്ത, വേലിപോലെ തോന്നിച്ചിരുന്ന കൽവേലികളും കൊത്തുപണികൾ കൊണ്ടുസമ്പന്നവും നാലുപ്രധാന സ്ഥാനങ്ങളിലായി സ്ഥാപിക്കപ്പെട്ടതുമായ പ്രവേശനകവാടങ്ങളും ഒഴിച്ചുനിർത്തിയാൽ, സാഞ്ചിയിലെയും ഭർഹുത്തിലെയും ആദ്യകാല സ്തൂപങ്ങൾ ലളിതമായിരുന്നു. ഭക്തർ കിഴക്കേ പ്രവേശനകവാടത്തിലൂടെ അകത്തുകടക്കുകയും മേടിനെ വലതുവശത്താക്കിക്കൊണ്ട് ഘടികാരദിശയിൽ വലംവയ്ക്കുകയും ചെയ്തിരുന്നു. ആകാശത്തിലൂടെയുള്ള സൂര്യന്റെ സഞ്ചാരഗതിയെ അനുകരിക്കും വിധമായിരുന്നു ഇത്. പിന്നീട്, അമരാവതിയിലെയും പെഷവാറിലെ (പാകിസ്താൻ) ഷഹ്ജി-കി-ധേരിയിലെയും സ്തൂപങ്ങളിലെ മേടിനെപ്പോലെ വിപുലമായ ശില്പങ്ങളാലും ഭിത്തിമാടങ്ങളാലും അലംകൃതമായി കൊത്തിയെടുക്കപ്പെട്ടു.

➲ **ചർച്ച ചെയ്യുക...**
സാഞ്ചിയിലെ മഹത്തായ സ്തൂപത്തിന്റെ പ്ലാനും (ചിത്രം 4.10എ) ഫോട്ടോഗ്രാഫും (ചിത്രം 4.3) തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും എന്താണ്?

➲ പ്ലാനിൽ കെട്ടിടത്തിന്റെ ഏതൊക്കെ സവിശേഷതകളാണ് ഏറ്റവും വ്യക്തമായിട്ടുള്ളത്? എലിവേഷനിൽ ഏറ്റവും നന്നായി ദൃശ്യമാകുന്ന സവിശേഷതകൾ എന്തൊക്കെ?



*ചിത്രം 4.10 എ*
*സാഞ്ചിയിലെ മഹത്തായ സ്തൂപത്തിന്റെ പ്ലാൻ*
*പ്ലാൻ ഒരു കെട്ടിടത്തിന്റെ തിരശ്ചീന ഛേദതലം നൽകുന്നു.*



*ചിത്രം 4.10 ബി*
*സാഞ്ചിയിലെ മഹത്തായ സ്തൂപത്തിന്റെ എലിവേഷൻ*
*എലിവേഷൻ ഒരു കെട്ടിടത്തിന്റെ ലംബതലകാഴ്ച നൽകുന്നു.*

## 8. സ്തൂപങ്ങളെ "കണ്ടെത്തൽ" ("DISCOVERING" STUPAS)


### അമരാവതിയുടെയും സാഞ്ചിയുടെയും വിധി (THE FATE OF AMARAVATI AND SANCHI)

ഓരോ സ്തൂപത്തിനും അതിന്റേതായ ചരിത്രമുണ്ട്. കുറച്ചുമുമ്പ് നമ്മൾ കണ്ടതുപോലെ, അവയിൽ ചിലത് അവ നിർമ്മിക്കപ്പെട്ടതിന്റെ ചരിത്രങ്ങളാണ്. എന്നാൽ അവ കണ്ടെത്തപ്പെട്ടതിന്റെ ചരിത്രങ്ങളുമുണ്ട്. ഇപ്പോൾ നമുക്ക് അവയിൽ ചിലതുപരിശോധിക്കാം. 1796-ൽ ഒരു ക്ഷേത്രം നിർമ്മിക്കാനാഗ്രഹിച്ചിരുന്ന ഒരു പ്രാദേശിക രാജാവ് യാദൃച്ഛികമായി അമരാവതിയിലെ നാശോന്മുഖമായ സ്തൂപം കണ്ടെത്തുകയുണ്ടായി. ആ ശില ഉപയോഗിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഒരുകുന്നായി കാണപ്പെട്ട ആ പ്രദേശത്ത് ഏതെങ്കിലും നിധിശേഖരം അടക്കം ചെയ്തിട്ടുണ്ടാകാം എന്ന് അദ്ദേഹം ചിന്തിച്ചു. കുറച്ചു വർഷങ്ങൾക്കുശേഷം, ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ കോളിൻ മെക്കൻസി (അധ്യായം 7 കൂടി കാണുക) ഈ പ്രദേശം സന്ദർശിച്ചു. അവിടെ അദ്ദേഹം നിരവധി ശില്പങ്ങളുടെ ഭാഗങ്ങൾ കണ്ടെത്തുകയും അവയുടെ വിശദമായ ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തെങ്കിലും ആ റിപ്പോർട്ടുകൾ ഒരുകാലത്തും പ്രസിദ്ധീകരിക്കപ്പെട്ടില്ല.

1854 ൽ ഗുണ്ടൂരിലെ (ആന്ധ്രാപ്രദേശ്) കമ്മീഷണറായിരുന്ന വാൾട്ടർ എലിയറ്റ് (Walter Elliot) അമരാവതി സന്ദർശിക്കുകയും നിരവധി ശില്പഫലകങ്ങൾ ശേഖരിക്കുകയും അവയെ മദ്രാസിലേക്ക് കൊണ്ടുപോവുകയും ചെയ്തു. (ഇവ അദ്ദേഹത്തിന്റെ പേരിൽ എലിയറ്റ് മാർബിളുകൾ എന്നറിയപ്പെട്ടു.) പടിഞ്ഞാറൻ പ്രവേശനകവാടത്തിന്റെ അവശിഷ്ടങ്ങളും അദ്ദേഹമാണു കണ്ടെത്തിയത്. അതുവരെ നിർമ്മിക്കപ്പെട്ട ബൗദ്ധസ്തൂപങ്ങളിൽ ഏറ്റവുംവലുതും പ്രൗഢവുമായ ഒന്നാണ് അമരാവതിയിലെ സ്തൂപം എന്നനിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. 1850 കളോടെ, അമരാവതിയിൽ നിന്നുള്ള ചിലഫലകങ്ങൾ കൽക്കട്ടയിലെ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാളിലേക്കും മദ്രാസിലെ ഇന്ത്യാ ഓഫീസിലേക്കും ചിലതു ലണ്ടനിലേക്കു തന്നെയും കൊണ്ടുപോകാൻ ആരംഭിച്ചു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഉദ്യാനങ്ങളെ ഈ ശില്പങ്ങൾ അലങ്കരിച്ചിരുന്നു എന്നത് അസാധാരണമായിരുന്നില്ല. സത്യത്തിൽ ഇവിടെയെത്തുന്ന ഓരോ പുതിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥനും തന്റെ മുൻഗാമികൾ ഇങ്ങനെ ചെയ്തിരുന്നു എന്ന ന്യായത്തിനുമേൽ ഇവിടെ നിന്ന് കൊത്തുപണികൾ മാറ്റിക്കൊണ്ടുപോകുന്നത് തുടർന്നു.

വ്യത്യസ്തകാഴ്ചപ്പാടുണ്ടായിരുന്ന ചുരുക്കം ചിലരിൽ ഒരാളായിരുന്നു പുരാവസ്തു ഗവേഷകനായ എച്ച്.എച്ച്. കോൾ. അദ്ദേഹം എഴുതി: "ഈ രാജ്യത്തെ പുരാതനകലകളുടെ മൂലസൃഷ്ടികളെ കൊള്ളടയിച്ചു കൊണ്ടുപോകാൻ അനുവദിക്കുന്നത് ആത്മഹത്യാപരവും നീതികരിക്കാനാകാത്തതുമായ നയമാണെന്ന് എനിക്കുതോന്നുന്നു." മ്യൂസിയങ്ങളിൽ ശില്പങ്ങളുടെ

ചിത്രം 4.11
സാഞ്ചിയുടെ കിഴക്കൻ പ്രവേശനകവാടം, മികവുറ്റ കൊത്തുപണി ശ്രദ്ധിക്കുക.



പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ടുള്ള തനിപ്പകർപ്പുകൾ പ്രദർശിപ്പിക്കുകയും അതേസമയം മൂലസൃഷ്ടികൾ അതു കണ്ടെത്തിയ സ്ഥലത്തു തന്നെ തുടരുകയും വേണമെന്ന് അദ്ദേഹം വിശ്വസിച്ചു. നിർഭാഗ്യവശാൽ, അമരാവതിയെക്കുറിച്ച് അധികാരികളെ ബോധ്യപ്പെടുത്തുന്നതിൽ കോൾ വിജയിച്ചില്ല; എങ്കിലും സാഞ്ചിയെ തനതായ അവസ്ഥയിൽ സംരക്ഷിക്കണമെന്ന അദ്ദേഹത്തിന്റെ അഭ്യർഥന സ്വീകരിക്കപ്പെട്ടു.

സാഞ്ചി അതിജീവിക്കുകയും അമരാവതിക്ക് അതു സാധ്യമാകാതിരിക്കുകയും ചെയ്തത് എന്തുകൊണ്ട്? ഒരുപക്ഷേ, ഇത്തരം പുരാവശിഷ്ടങ്ങളുടെ മൂല്യവും അവ മറ്റൊരിടത്തേക്കു മാറ്റാതെ കണ്ടെത്തിയ ഇടത്തുതന്നെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയും മനസ്സിലാക്കുന്നതിനുമുമ്പുതന്നെ അമരാവതി കണ്ടുപിടിക്കപ്പെട്ടതായിരിക്കാം ഇതിനു കാരണം. 1818 ൽ സാഞ്ചി "കണ്ടെത്തി"യപ്പോൾ അതിന്റെ നാലുപ്രവേശനകവാടങ്ങളിൽ മൂന്നും അപ്പോഴും നിലനിൽക്കുന്നുണ്ടായിരുന്നു; നാലാമത്തേത് വീണ സ്ഥലത്തു തന്നെ കിടപ്പുണ്ടായിരുന്നു; കൂന യാതൊരു തകരാറുമില്ലാതെ നല്ല അവസ്ഥയിലുമായിരുന്നു. എന്നിട്ടും, ഈ പ്രവേശന കവാടം പാരീസിലേക്കോ ലണ്ടനിലേക്കോ കൊണ്ടുപോകണമെന്ന് നിർദേശിക്കപ്പെട്ടു; അവസാനം സാഞ്ചിയെ അതുപോലെതന്നെ നിലനിർത്താൻ നിരവധി ഘടകങ്ങൾ സഹായിച്ചതുകൊണ്ട്, അതങ്ങനെ നിലനിൽക്കുന്നു. അതേസമയം അമരാവതിയിലെ *മഹാചൈത്യമാകട്ടെ (mahachaitya)* അതിന്റെ പഴയപ്രതാപമെല്ലാം നഷ്ടപ്പെട്ട് ഇന്ന് അപ്രധാനമായ ഒരുചെറിയ കൂനയായി അവശേഷിക്കുന്നു.

## 9. ശില്പം (SCULPTURE)

സ്തൂപങ്ങളിൽനിന്നു ശില്പങ്ങൾ നീക്കംചെയ്യുകയും യൂറോപ്പിലേക്ക് കടത്തിക്കൊണ്ടുപോവുകയും ചെയ്തത് എങ്ങനെയെന്നു നമ്മൾ കണ്ടുകഴിഞ്ഞു. ശില്പങ്ങൾ കണ്ടവർ അവ സുന്ദരവും അമൂല്യവുമാണെന്നു കരുതുകയും അവയെ തങ്ങളുടെ സ്വന്തമാക്കാൻ തീരുമാനിക്കുകയും ചെയ്തതുകൊണ്ടാണ് ഭാഗികമായി ഇങ്ങനെ സംഭവിച്ചത്. ഇവയിൽ ചിലതിനെ നമുക്കു സൂക്ഷ്മമായി പരിശോധിക്കാം.

### 9.1 ശിലയിൽ കൊത്തിയ കഥകൾ (Stories in stone)

ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ള തുണി അഥവാ പേപ്പർച്ചുരുളുകൾ (*ചരണചിത്രങ്ങൾ/charanachitras*) വഹിച്ചുകൊണ്ട് അലഞ്ഞുനടക്കുകയും അതിലെ ചിത്രങ്ങൾ ചൂണ്ടിക്കാണിച്ച് കൊണ്ടു കഥപറയുകയും ചെയ്യുന്നവരെ നിങ്ങൾ കണ്ടിട്ടുണ്ടാകാം.

ചിത്രം 4.13 നോക്കുക. ആദ്യകാഴ്ചയിൽ, ശില്പം, പുല്ലുമേഞ്ഞ കുടിലുകളും വൃക്ഷങ്ങളുമുള്ള ഒരു ഗ്രാമീണരംഗത്തെ ചിത്രീകരിക്കുന്നതായി തോന്നും. എന്നാൽ സാഞ്ചിയിലെ ശില്പത്തെ ശ്രദ്ധാപൂർവം പഠനവിധേയമാക്കിയ കലാചരിത്രകാരർ ഇത്

➲ **ചർച്ച ചെയ്യുക...**

ഭാഗം 1 വീണ്ടും വായിക്കുക. സാഞ്ചി, കാലത്തെ അതിജീവിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് എഴുതുക.



*ചിത്രം 4.12*
*പ്രവേശനകവാടത്തിന്റെ ഒരു ഭാഗം*
സാഞ്ചിയിലെ ശില്പികൾ ഒരു ചുരുൾ നിവർത്തപ്പെടുന്നത് ചിത്രീകരിക്കാൻ ആഗ്രഹിച്ചെന്ന് നിങ്ങൾക്കു *തോന്നുന്നുണ്ടോ?*



ചിത്രം 4.13
വടക്കൻ പ്രവേശനകവാടത്തിന്റെ ഒരുഭാഗം


*വെസ്സന്തര ജാതക*ത്തിലെ *(Vessantara Jataka)* ഒരു രംഗമാണെന്ന് തിരിച്ചറിയുകയുണ്ടായി. തന്റെ സർവവും ഒരു ബ്രാഹ്മണനു നൽകിയശേഷം ഭാര്യയെയും മക്കളെയും കൂട്ടി വനത്തിൽ താമസിക്കാൻപോയ മഹാമനസ്കനായ ഒരു രാജകുമാരന്റെ കഥയാണിത്. ഇതുപോലെ, പലപ്പോഴും ഗ്രന്ഥങ്ങളിലെ തെളിവുകളുമായി താരതമ്യപ്പെടുത്തിയാണ്, ശില്പത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ ചരിത്രകാരർ ശ്രമിക്കുന്നത്.

### 9.2 ആരാധനയുടെ പ്രതീകങ്ങൾ (Symbols of worship)

ബൗദ്ധശില്പകലയെക്കുറിച്ച് മനസ്സിലാക്കുന്നതിന് കലാചരിത്രകാരർക്ക് ബുദ്ധന്റെ പുണ്യാത്മചരിത്രങ്ങളുമായി (*ഹേഗിയോഗ്രാഫി*) പരിചയം സമ്പാദിക്കേണ്ടതുണ്ട്. പുണ്യാത്മചരിത്രമനുസരിച്ച്, ഒരു വൃക്ഷച്ചുവട്ടിൽ ധ്യാനനിരതനായിരിക്കുമ്പോഴാണ് ബുദ്ധന് ജ്ഞാനോദയം ലഭിച്ചത്. പല ആദ്യകാലശില്പികളും ബുദ്ധനെ മനുഷ്യരൂപത്തിലല്ല ചിത്രീകരിച്ചിരിക്കുന്നത്, പകരം പ്രതീകങ്ങളിലൂടെയാണ് അദ്ദേഹത്തിന്റെ സാന്നിധ്യം കാണിച്ചത്. ശൂന്യമായ ഇരിപ്പിടം (ചിത്രം 4.14) സൂചിപ്പിക്കുന്നത് ബുദ്ധന്റെ ധ്യാനത്തെയും സ്തൂപം (ചിത്രം 4.15) പ്രതിനിധീകരിക്കുന്നത് *മഹാപരിനിബ്ബാണ* *(mahaparinibbana)* ത്തെയുമാണ്. പതിവായി ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പ്രതീകം ചക്രമാണ്

ചിത്രം 4.14 (ഇടത്തേയറ്റത്ത്) ബോധിവൃക്ഷത്തെ ആരാധിക്കുന്നു
വൃക്ഷത്തെയും ഇരിപ്പിടത്തെയും അതിനു ചുറ്റുമുള്ള ആളുകളെയും ശ്രദ്ധിക്കുക.
ചിത്രം 4.15 (മദ്ധ്യഭാഗം) സ്തൂപത്തെ ആരാധിക്കുന്നു
ചിത്രം 4.16 (ചുവടെ)
ധർമ്മചക്രം തിരിക്കാൻ തുടങ്ങുന്നു









ചിത്രം 4.17
പ്രവേശനകവാടത്തിലെ സ്ത്രീ

(ചിത്രം4.16). ഇതു ബുദ്ധൻ സാരനാഥിൽ നടത്തിയ ആദ്യപ്രഭാഷണത്തിന്റെ പ്രതീകമാണ്. അത്തരം ശില്പങ്ങൾ വാച്യാർഥത്തിൽ മനസ്സിലാക്കാൻ കഴിയില്ല എന്നു വ്യക്തമാണ് - ഉദാഹരണത്തിന്, ഒരുവൃക്ഷം ചിത്രീകരിക്കുന്നത് ഒരു വൃക്ഷത്തെ സൂചിപ്പിക്കാനല്ല, മറിച്ച് ബുദ്ധന്റെ ജീവിതത്തിലെ ഒരു സംഭവത്തെ പ്രതീകവത്കരിക്കാനാണ്. അത്തരം ചിഹ്നങ്ങളെ മനസ്സിലാക്കാൻ, ചരിത്രകാരർ തന്നെ ഈ കലാരൂപങ്ങൾ നിർമ്മിച്ചവരുടെ പാരമ്പര്യങ്ങളുമായി പരിചയപ്പെടേണ്ടതുണ്ട്.

### 9.3 ജനപ്രിയ പാരമ്പര്യങ്ങൾ (Popular traditions)

സാഞ്ചിയിലെ മറ്റു ശില്പങ്ങൾ ഒരുപക്ഷേ, ബുദ്ധമതാശയങ്ങളാൽ നേരിട്ടു പ്രചോദിപ്പിക്കപ്പെട്ടവയല്ലായിരിക്കാം. പ്രവേശനകവാടത്തിന്റെ പാർശ്വങ്ങളിൽനിന്നു മരത്തിൽ പിടിച്ചുകൊണ്ട് ആടുന്ന സുന്ദരികളായ സ്ത്രീകൾ ഇതിൽ ഉൾപ്പെടുന്നു (ചിത്രം 4.17). പരിത്യാഗവുമായി ഒരു ബന്ധവുമില്ലന്നു തോന്നിപ്പിച്ച ഈ ശില്പം തുടക്കത്തിൽ പണ്ഡിതന്മാർക്കിടയിൽ ചെറിയ അമ്പരപ്പുളവാക്കി. എന്നാൽ മറ്റുസാഹിത്യപാരമ്പര്യങ്ങൾ പരിശോധിച്ചശേഷം, സംസ്കൃതത്തിൽ വിവരിക്കപ്പെടുന്ന *സാലഭഞ്ജിക*യെന്ന് *(shalabhanjika)* വിവരിക്കപ്പെടുന്നവരുടേതാണ് ഈ ചിത്രീകരണമെന്ന യാഥാർഥ്യം അവർ മനസ്സിലാക്കി. ജനകീയ വിശ്വാസം അനുസരിച്ച് ഈ സ്ത്രീയുടെ സ്പർശനത്താൽ വൃക്ഷങ്ങൾ പൂക്കുകയും കായ്ക്കുകയും ചെയ്തിരുന്നുവത്രേ! ഇത് ശുഭസൂചകമായ ഒരു പ്രതീകമായി കണക്കാക്കുകയും സ്തൂപത്തിന്റെ അലങ്കാരത്തിനായി സമന്വയിപ്പിക്കുകയും ചെയ്തതായിരിക്കാം. ബുദ്ധമതത്തിലേക്ക് കടന്നുവന്ന നിരവധിയാളുകൾ ബുദ്ധമതത്തിന് മുമ്പുള്ള തങ്ങളുടെ വിശ്വാസങ്ങളും ബൗദ്ധമല്ലാത്ത മറ്റു വിശ്വാസങ്ങളും ആചാരങ്ങളും ആശയങ്ങളും കൊണ്ട് ബുദ്ധമതത്തെ സമ്പന്നമാക്കിയിരുന്നുവെന്ന് *സാലഭഞ്ജിക*യുടെ പ്രതിപാദ്യം സൂചിപ്പിക്കുന്നു. സാഞ്ചിശില്പങ്ങളിൽ ആവർത്തിക്കപ്പെട്ട ചില അലങ്കാരപ്പണികൾ ഈ പാരമ്പര്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞവയാണെന്നു വ്യക്തമാകുന്നു.

ചിത്രം 4.18
സാഞ്ചിയിലെ ഒരു ആന



അവിടെ വേറെയും ശില്പങ്ങളുണ്ട്. ഉദാഹരണത്തിന്, മൃഗങ്ങളുടെ ഏറ്റവുംമികച്ച ചിത്രീകരണങ്ങളിൽ ചിലത് അവിടെ കാണപ്പെട്ടു. ഈ മൃഗങ്ങളിൽ ആനകളും കുതിരകളും കുരങ്ങുകളും കന്നുകാലികളും ഉൾപ്പെടുന്നു. സാഞ്ചിയിൽ ചിത്രീകരിക്കപ്പെട്ട പലമൃഗകഥകളും *ജാതക* കഥകളിൽ ഉൾക്കൊള്ളുന്നവയാണ്, ഒരു പക്ഷേ, ഇവിടെയുള്ള പല മൃഗരൂപങ്ങളും ജീവസ്സുറ്റ രംഗങ്ങൾ സൃഷ്ടിച്ച് കാഴ്ചക്കാരുടെ ശ്രദ്ധയാകർഷിക്കുന്നതിനായി കൊത്തിവയ്ക്കപ്പെട്ടവയാകാം. കൂടാതെ, മനുഷ്യഗുണങ്ങളുടെ പ്രതീകങ്ങളായും മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ഉദാഹരണത്തിന്, ആനയെ ചിത്രീകരിച്ചിരിക്കുന്നത് ശക്തിയും ബുദ്ധിയും സൂചിപ്പിക്കാനാണ്.

മറ്റൊരു പ്രതീകചിത്രം ഒരു സ്ത്രീയും അവളുടെ ചുറ്റുമുള്ള താമരപ്പൂക്കളും (ചിത്രം 4.19) അവളുടെമേൽ *അഭിഷേക (abhisheka)* ജലം തളിക്കുന്നു എന്നുതോന്നിപ്പിക്കുന്ന ആനകളുമാണ്. ചില ചരിത്രകാരർ




ചിത്രം 4.19
ഗജലക്ഷ്മി

### ഭൂതകാലത്തെ ചിത്രങ്ങൾ (Paintings from the past)

ശിലാശില്പങ്ങൾ കാലപ്പഴക്കം കൊണ്ടുണ്ടാകുന്ന നാശത്തെ അതിജീവിക്കുന്നവയും അതിനാൽത്തന്നെ, ചരിത്രകാരർക്ക് ഏറ്റവും എളുപ്പത്തിൽ ലഭ്യവുമാണെന്നിരിക്കെത്തന്നെ, ചിത്രകല ഉൾപ്പെടെയുള്ള മറ്റുദൃശ്യാവിഷ്ക്കാരങ്ങളും ഭൂതകാലത്തിൽ ഉപയോഗിച്ചിരുന്നു. അതിൽ കാലത്തെ ഏറ്റവും നന്നായി അതിജീവിച്ച സൃഷ്ടികൾ ഗുഹകളുടെ ചുവരുകളിലേതാണ്, അവയിൽ ഏറ്റവും പ്രസിദ്ധം അജന്തയിൽ (മഹാരാഷ്ട്ര) നിന്നുള്ളവയാണ്.

*ജാതകകഥ*കളാണ് അജന്താഗുഹകളിലെ ചിത്രങ്ങളിൽ ആവിഷ്കരിച്ചിരിക്കുന്നത്. രാജകൊട്ടാരത്തിലെ ജീവിതം, ഘോഷയാത്രകൾ, തൊഴിലെടുക്കുന്ന സ്ത്രീകളും പുരുഷന്മാരും, ആഘോഷങ്ങൾ തുടങ്ങിയവയുടെ ചിത്രീകരണങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ചിത്രങ്ങൾക്ക് ത്രിമാന സവിശേഷത കൈവരുന്നതിനായി ചിത്രകാരർ, നിഴൽ ചിത്രീകരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചിരുന്നു. ചില ചിത്രങ്ങൾ അങ്ങേയറ്റം സ്വാഭാവികമാണ്.



ചിത്രം 4.20
അജന്തയിൽ നിന്നുള്ള ഒരു ചിത്രം
ഇരിക്കുന്ന രൂപത്തെയും അദ്ദേഹത്തെ പരിചരിക്കുന്നവരെയും ശ്രദ്ധിക്കുക.

ചിത്രം 4.21
സാഞ്ചിയിലെ ഒരു സർപ്പം



ഈ സ്ത്രീരൂപത്തെ ബുദ്ധന്റെ മാതാവായ മായയുമായി ബന്ധപ്പെടുത്തുമ്പോൾ മറ്റുചിലർ ഇത് ആനകളുമായി ബന്ധപ്പെടുത്താവുന്ന ഒരു പ്രസിദ്ധ സൗഭാഗ്യദേവതയായ ഗജലക്ഷ്മിയാണെന്നു കരുതുന്നു. ഈ ശില്പങ്ങളെ കാണുന്ന ഭക്തർ ഒരുപക്ഷേ, ഈ രൂപത്തെ മായയായും ഗജലക്ഷ്മിയായും കണക്കാക്കിയിരിക്കാനും സാധ്യതയുണ്ട്.

അനേകം തൂണുകളിൽ കാണപ്പെടുന്ന നാഗരൂപത്തെക്കുറിച്ചും നമുക്കു പഠിക്കാം (ചിത്രം 4.21). ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഈ അലങ്കാരചിത്രങ്ങൾ ജനകീയ പാരമ്പര്യങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതായിരിക്കാം. ആദ്യകാല ആധുനികകലാചരിത്രകാരരിൽ ഒരാളായ ജയിംസ് ഫെർഗുസൻ,

സാഞ്ചിയെ വൃക്ഷാരാധനയുടെയും നാഗാരാധനയുടെയും കേന്ദ്രമായി കണക്കാക്കിയിരുന്നു എന്നതാണ് ഒരു രസകരമായ വസ്തുത. ബൗദ്ധസാഹിത്യകൃതികളെക്കുറിച്ച് തീരെ പരിചിതനല്ലായിരുന്ന അദ്ദേഹം - അവയിൽ മിക്കതും അതുവരെയും പരിഭാഷപ്പെടുത്തിയിരുന്നില്ല - പ്രതിമകളുടെ മാതൃകകളെമാത്രം പഠനവിധേയമാക്കിയാണ് ഈ നിഗമനത്തിൽ എത്തിച്ചേർന്നത്.

## 10. പുതിയ മതപാരമ്പര്യങ്ങൾ (New Religious Traditions)

### 10.1 മഹായാന ബുദ്ധമതത്തിന്റെ വികാസം (The development of Mahayana Buddhism)

സി.ഇ. ഒന്നാം നൂറ്റാണ്ടോടെ ബുദ്ധമതാശയങ്ങളിലും ആചാരങ്ങളിലും മാറ്റങ്ങൾ സംഭവിച്ചതിനു തെളിവുകളുണ്ട്. ആദ്യകാല ബുദ്ധമത തത്വങ്ങൾ സ്വന്തം പരിശ്രമത്തിലൂടെ *നിബ്ബാണ* നേടുന്നതിനു വലിയ പ്രാധാന്യം നൽകിയിരുന്നു. അതിനുപുറമേ, സ്വന്തം പരിശ്രമങ്ങളിലൂടെ ജ്ഞാനോദയവും *നിബ്ബാണ*യും കൈവരിച്ച ഒരു മനുഷ്യനായാണ് ബുദ്ധനെ കണക്കാക്കിയിരുന്നത്. എന്നാൽ, ക്രമേണ ഒരു രക്ഷകൻ എന്ന ആശയം ഉയർന്നുവന്നു. അദ്ദേഹത്തിനുമാത്രമേ തങ്ങൾക്കു മോക്ഷം നൽകാൻ കഴിയുകയുള്ളു എന്ന് വിശ്വസിക്കപ്പെട്ടു. അതോടൊപ്പംതന്നെ ബോധിസത്ത എന്ന ആശയവും ഉരുത്തിരിഞ്ഞുവന്നു. ബോധിസത്തർ അങ്ങേയറ്റം ദയാലുക്കളും തങ്ങളുടെ പരിശ്രമത്തിലൂടെ നേടിയെടുത്ത സുകൃതം, ലോകത്തെ പരിത്യജിച്ച് സ്വയം *നിബ്ബാണം* പ്രാപിക്കാൻ ഉപയോഗിക്കാതെ മറ്റുള്ളവരെ സഹായിക്കാൻ ഉപയോഗിച്ചവരുമായിട്ടാണ് വീക്ഷിക്കപ്പെട്ടത്. ബുദ്ധന്റെയും ബോധിസത്തന്മാരുടെയും ബിംബങ്ങളുടെ ആരാധന ഈ പാരമ്പര്യത്തിന്റെ ഒരുപ്രധാന ഭാഗമായി മാറി.


ഈ പുതിയ ചിന്താരീതിയെ "വലിയ വാഹനം" ("great vehicle") എന്നർത്ഥം വരുന്ന മഹായാനം എന്ന് വിളിച്ചിരുന്നു. ഈ വിശ്വാസങ്ങൾ സ്വീകരിച്ചവർ പഴയ പാരമ്പര്യങ്ങളെ ഹിനയാനം അല്ലെങ്കിൽ "ചെറിയ വാഹനം" ("lesser vehicle") എന്ന് വിളിച്ചിരുന്നു.

**ഹിനയാനമോ തേരവാദമോ?**
**(Hinayana or Theravada?)**

മഹായാനക്കാർ മറ്റു ബുദ്ധമതക്കാരെ ഹിനയാനക്കാർ ആയിട്ടാണ് കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, പഴയ പാരമ്പര്യത്തിന്റെ അനുയായികൾ സ്വയം വിശേഷിപ്പിച്ചിരുന്നത് *തേരാകൾ* എന്നറിയപ്പെടുന്ന, ബഹുമാന്യരായ പുരാതനഗുരുക്കന്മാരുടെ പാത പിന്തുടരുന്നവർ എന്ന അർത്ഥത്തിൽ *തേരാവാദികൾ* എന്നാണ്.

➲ **ചർച്ച ചെയ്യുക...**
അസ്ഥിയും കളിമണ്ണും ലോഹങ്ങളും കൂടി ശില്പനിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. ഇവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തുക.

*ചിത്രം 4.22*
*മഥുരയിൽ നിന്നുള്ള ബുദ്ധപ്രതിമ, ഏകദേശം സി.ഇ. ആദ്യനൂറ്റാണ്ട്*



## 10.2 പുരാണ ഹിന്ദുമതത്തിന്റെ വളർച്ച (The growth of Puranic Hinduism)

ഒരു രക്ഷകസങ്കല്പം ബുദ്ധമതത്തിനുമാത്രം ഉള്ളതായിരുന്നില്ല. ഇന്നു നമ്മൾ ഹിന്ദുമതത്തിന്റെ ഭാഗമായി കണക്കാക്കുന്ന വിവിധ പാരമ്പര്യങ്ങൾക്കുള്ളിൽ സമാനമായ ആശയങ്ങൾ പലരീതികളിൽ വളർന്നു വരുന്നത് നമുക്കുകാണാം. വൈഷ്ണവമതവും (വിഷ്ണുവിനെ മുഖ്യദൈവമായി ആരാധിക്കുന്ന ഒരു ഹിന്ദുമതരൂപം) ശൈവമതവും (ശിവൻ മുഖ്യ ദൈവമായി കരുതപ്പെടുന്ന ഒരു പാരമ്പര്യം) ഇവയിൽ ഉൾപ്പെടുന്നു. ഈ പാരമ്പര്യങ്ങളിൽ അവർ തിരഞ്ഞെടുത്ത ദൈവത്തിനുള്ള ആരാധനയ്ക്ക് പ്രാധാന്യം ഏറി വന്നു. അത്തരം ആരാധനയിൽ ഭക്തനും ദൈവവും തമ്മിലുള്ള ബന്ധം സ്നേഹത്തിന്റെയും സമർപ്പണം അഥവാ ഭക്തിയുടെതുമായി ചിത്രീകരിക്കപ്പെട്ടു.

ചിത്രം 4.23 ഭൂമിദേവിയെ രക്ഷിക്കുന്ന വിഷ്ണുവിന്റെ വരാഹാവതാരം, ഐഹോൾ (കർണ്ണാടക) ഏകദേശം സി.ഇ. ആറാം നൂറ്റാണ്ട്


➲ ചിത്രങ്ങളുടെ അനുപാതം സൂചിപ്പിക്കുന്നത് എന്തിനെയാണ്?

വൈഷ്ണവമതത്തിന്റെ കാര്യത്തിൽ ദേവന്റെ വിവിധ അവതാരങ്ങളെ ചുറ്റിപ്പറ്റിയുള്ള വിശ്വാസങ്ങൾ വളർന്നുവന്നു. ഈ പാരമ്പര്യത്തിനുള്ളിൽ ദശാവതാരങ്ങളെ അംഗീകരിച്ചിരുന്നു. ദുഷ്ടശക്തികളുടെ ആധിപത്യംമൂലം എപ്പോഴൊക്കെ ലോകം അരാജകത്വത്തിന്റെയും നാശത്തിന്റെയും ഭീഷണി നേരിട്ടുവോ അപ്പോഴൊക്കെ ലോകരക്ഷയ്ക്കായി ദേവൻ സ്വീകരിച്ചവയാണ് ഈ അവതാരങ്ങൾ എന്ന് വിശ്വസിക്കപ്പെട്ടു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത അവതാരങ്ങളായിരിക്കാം പ്രചാരം നേടിയിട്ടുണ്ടാവുക. ഈ പ്രാദേശിക മൂർത്തികളെ ഓരോന്നിനെയും വിഷ്ണുവിന്റെ ഓരോ രൂപങ്ങളായി അംഗീകരിക്കുന്നത്, കൂടുതൽ ഏകീകൃതമായ ഒരു മതപാരമ്പര്യം സൃഷ്ടിക്കുന്നതിനുള്ള ഒരുമാർഗമായിരുന്നു.



മറ്റു ദൈവങ്ങളെപ്പോലെ, ഈ രൂപങ്ങളിൽ ചിലതും ശില്പങ്ങളായി ചിത്രീകരിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന് ശിവൻ ചിലപ്പോഴൊക്കെ മനുഷ്യരൂപത്തിൽ ചിത്രീകരിക്കപ്പെട്ടിരുന്നുവെങ്കിലും *ലിംഗ*മായിരുന്നു അദ്ദേഹത്തിന്റെ പ്രതീകമായിത്തീർന്നത്. ദൈവങ്ങളെയും അവരുടെ സവിശേഷതകളെയും സംബന്ധിച്ച് ഈ ചിത്രീകരണങ്ങളെല്ലാം സങ്കീർണമായ ഒരുകൂട്ടം ആശയങ്ങൾ അവതരിപ്പിച്ചു. ഈ രൂപങ്ങളുടെ ശിരോവസ്ത്രങ്ങൾ, ആഭരണങ്ങൾ, ആയുധങ്ങൾ (ദൈവരൂപങ്ങളുടെ കൈകളിൽ കാണുന്ന ആയുധങ്ങൾ അഥവാ ശുഭസൂചക വസ്തുക്കൾ) അവർ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന രീതി എന്നിവകൊണ്ടാണ് ഇവ അവതരിപ്പിച്ചത്.

ഈ ശില്പങ്ങളുടെ അർഥതലങ്ങൾ ഗ്രഹിക്കാൻ ചരിത്രകാരർ അവയുടെ പിന്നിലുള്ള കഥകളെക്കൂടി പരിചയപ്പെടേണ്ടതുണ്ട്. അവയിൽ പലതും ബ്രാഹ്മണർ ഏകദേശം സി.ഇ. ഒന്നാം സഹസ്രാബ്ദത്തിന്റെ മധ്യത്തോടെ സമാഹരിച്ച പുരാണങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ ഉൾപ്പെട്ട പലതും നൂറ്റാണ്ടുകൾക്കു മുമ്പേ രചിക്കപ്പെട്ടതും നൂറ്റാണ്ടുകളായി പ്രചാരത്തിലുള്ളതുമായിരുന്നു. ദേവീദേവന്മാരുടെ കഥകളും ഇതിലുൾപ്പെട്ടിരുന്നു. പൊതുവേ, അവ ലളിതമായ സംസ്കൃത പദ്യരൂപത്തിൽ രചിക്കപ്പെട്ടവയും വേദപഠനം അപ്രാപ്യമായ സ്ത്രീകളും ശൂദ്രരും ഉൾപ്പെടെയു



ചിത്രം 4.24
ദുർഗയുടെ രൂപം, മഹാബലിപുരം (തമിഴ്നാട്), ഏകദേശം സി.ഇ. ആറാം നൂറ്റാണ്ട്

ള്ള എല്ലാവർക്കും കേൾക്കാനായി ഉച്ചത്തിൽ വായിക്കുന്നതിനു വേണ്ടിയുള്ളവയുമായിരുന്നു.

പുരാണങ്ങളിലെ ഉള്ളടക്കങ്ങളിൽ ഏറെയും ആവിഷ്ക്കരിക്കപ്പെട്ടത് ജനങ്ങളുടെ പരസ്പര സമ്പർക്കത്തിലൂടെയാണ്. പുരോഹിതരും കച്ചവടക്കാരും സാധാരണക്കാരായ സ്ത്രീ പുരുഷന്മാരുമെല്ലാം ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതിനിടയിൽ തങ്ങളുടെ ആശയങ്ങളും വിശ്വാസങ്ങളും പങ്കിട്ടിരുന്നു. ഉദാഹരണമായി വസുദേവകൃഷ്ണൻ മഥുര പ്രദേശത്തെ ഒരു പ്രധാന ദൈവമായിരുന്നുവെന്നു നമുക്കറിയാം. നൂറ്റാണ്ടുകളിലൂടെ അദ്ദേഹത്തിന്റെ ആരാധന രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു.

> ➲ കലാകാരൻമാർ ചലനത്തെ ചിത്രീകരിച്ചിരിക്കുന്ന രീതികൾ തിരിച്ചറിയുക. ഈ കൊത്തുപണിയിൽ ചിത്രീകരിച്ചിരിക്കുന്ന കഥയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തുക.

### 10.3 ക്ഷേത്ര നിർമ്മാണം (Building temples)

സാഞ്ചിയിലേതുപോലെയുള്ള സ്തൂപങ്ങൾ അവയുടെ നിലവിലുള്ള രൂപം കൈവരിച്ച കാലഘട്ടത്തിൽ തന്നെയായിരുന്നു, ദേവീദേവൻമാരുടെ രൂപങ്ങൾ പ്രതിഷ്ഠിക്കുന്നതിനുള്ള ആദ്യത്തെ ക്ഷേത്രങ്ങളും നിർമ്മിക്കപ്പെട്ടത്. ആദ്യകാല ക്ഷേത്രം എന്നത് സമചതുരാകൃതിയിലുള്ള ഒരൊറ്റമുറിയായിരുന്നു. ഇതിനെ *ഗർഭഗൃഹ*മെന്ന് *(garbhagriha)* വിളിച്ചിരുന്നു. തന്റെ ദൈവത്തിന് ആരാധന അർപ്പിക്കുന്നതിന് ഭക്തന് ഏക പ്രവേശന കവാടമേ ഉണ്ടായിരുന്നുള്ളു. ക്രമേണ, *ശിഖരം* എന്ന് അറിയപ്പെടുന്ന ഉയരം കൂടിയ ഒരു നിർമ്മിതി ശ്രീകോവിലിനു മുകളിലായി പടുത്തുയർത്തപ്പെട്ടു. ക്ഷേത്രഭിത്തികൾ പലപ്പോഴും കൊത്തുപണികളാൽ അലങ്കരിക്കപ്പെട്ടിരുന്നു. പിൽക്കാലത്ത് സമ്മേളന ഹാളുകളും കൂറ്റൻ ഭിത്തികളും പ്രവേശനകവാടങ്ങളും ജലവിതരണത്തിനുള്ള



ചിത്രം 4.25
ദേവഗഢിലെ ഒരു ക്ഷേത്രം (ഉത്തർപ്രദേശ്), ഏകദേശം സി.ഇ. അഞ്ചാം നൂറ്റാണ്ട്

➲ ശിഖരത്തിന്റെ അവശിഷ്ടങ്ങളും ഗർഭഗൃഹത്തിലേക്കുള്ള പ്രവേശന കവാടവും കണ്ടെത്തുക.

ക്രമീകരണങ്ങളും (അധ്യായം 7 കാണുക) കൂട്ടിച്ചേർത്ത് ക്ഷേത്രങ്ങൾ വളരെ ബൃഹത്തായിത്തീർന്നു.

ആദ്യകാല ക്ഷേത്രങ്ങളുടെ അതുല്യമായ സവിശേഷതകളിൽ ഒന്ന്, ഇവയിൽചിലത് കൂറ്റൻപാറകൾ തുരന്നെടുത്ത് കൃത്രിമ ഗുഹകൾ പോലെ നിർമ്മിച്ചവയാണ് എന്നതാണ്. കൃത്രിമ ഗുഹാനിർമ്മാണ പാരമ്പര്യം വളരെ പഴക്കമേറിയതായിരുന്നു. അജീവിക വിഭാഗത്തിലെ പരിത്യാഗികൾക്കായി ബി.സി.ഇ. മൂന്നാം നൂറ്റാണ്ടിൽ അശോകന്റെ കൽപ്പനകൾപ്രകാരം പണികഴിപ്പിച്ചതാണ് ഇവയിൽ ഏറ്റവുംപഴക്കം ചെന്ന ചിലത്. (ചിത്രം 4.27)




ചിത്രം 4.26
ശേഷനാഗം എന്ന സർപ്പത്തിൽ ശയിക്കുന്ന വിഷ്ണു, ദേവഗഢിൽ (ഉത്തർപ്രദേശ്) നിന്നുള്ള ശില്പം. ഏകദേശം സി.ഇ. അഞ്ചാം നൂറ്റാണ്ട്

ഈ പാരമ്പര്യം വിവിധ ഘട്ടങ്ങളിലൂടെ വികസിക്കുകയും എട്ടാം നൂറ്റാണ്ടിൽ ഒരുക്ഷേത്രം മുഴുവനുംതന്നെ ഒറ്റക്കല്ലിൽ കൊത്തിയെടുക്കുന്ന രീതിയിലേക്ക് വളർന്ന്, കൈലാസനാഥ ക്ഷേത്രത്തിൽ (ശിവന്റെ മറ്റൊരു നാമം) അതിന്റെ പൂർണതയിലെത്തുകയും ചെയ്തു.

എല്ലോറ ക്ഷേത്രനിർമ്മാണം പൂർത്തീകരിച്ചശേഷം അതിന്റെ മുഖ്യ ശില്പിക്കുണ്ടായ ആശ്ചര്യം ഒരു താമ്രഫലക ലിഖിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: "ഹോ, ഞാൻ ഇതെങ്ങനെ നിർമ്മിച്ചു!"



ചിത്രം 4.27
ബരാബറിലെ (ബിഹാർ) ഒരു ഗുഹയിലേക്കുള്ള പ്രവേശനകവാടം, ഏകദേശം ബി.സി.ഇ. മൂന്നാം നൂറ്റാണ്ട്.



ചിത്രം 4.28
കൈലാസനാഥ ക്ഷേത്രം, എല്ലോറ (മഹാരാഷ്ട്ര). ഈ നിർമ്മിതി മുഴുവൻ ഒരൊറ്റ പാറയിൽ നിന്നാണ് കൊത്തിയെടുത്തത്.

## 11. സർവവും "കാണാൻ" നമുക്ക് കഴിയുമോ ? (Can We "See" Everything?)

ഇഷ്ടികയിലും കല്ലിലും തീർത്ത നിർമ്മിതികൾ, ശില്പങ്ങൾ, കൊത്തുപണികൾ, ചിത്രകല എന്നിവയിലൂടെ ആവിഷ്ക്കരിക്കപ്പെട്ട ഭൂതകാലത്തിന്റെ സമ്പന്നമായ ദൃശ്യപാരമ്പര്യങ്ങളുടെ ഒരു ഏകദേശരൂപം ഇതോടെ നിങ്ങൾക്കു ലഭിച്ചുകഴിഞ്ഞു. അവയിലധികവും നൂറ്റാണ്ടുകളിലൂടെ തകർക്കപ്പെടുകയോ നാശോന്മുഖമാകുകയോ ചെയ്തിട്ടുണ്ടെന്നു നാംകണ്ടു. എന്നിരുന്നാലും, അവശേഷിക്കുന്നതും സംരക്ഷിക്കപ്പെടുന്നതുമായ സ്മാരകങ്ങൾ ഈ അതിശയകരമായ സൃഷ്ടികളുടെ പിന്നിൽ പ്രവർത്തിച്ച കലാകാരർ, ശില്പികൾ, കൽപ്പണിക്കാർ, വാസ്തുശില്പികൾ എന്നിവരുടെ ഭാവനാപരമായ ഉൾക്കാഴ്ചയെ നമുക്കുപകർന്നു നൽകുന്നവയാണ്. എന്നാലും, അവർ എന്താശയമാണ് പകരാൻ ശ്രമിച്ചതെന്നുനമുക്ക് ഇപ്പോഴും മനസ്സിലാക്കാൻ കഴിയുന്നുണ്ടോ? രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പ് ഈ രൂപങ്ങൾ കാണുകയും അവയെ ആരാധിക്കുകയും ചെയ്ത ജനങ്ങളെ സംബന്ധിച്ച് ഇവ എന്തായിരുന്നുവെന്ന് നമുക്ക് എന്നെങ്കിലും അറിയാൻ കഴിയുമോ?

### 11.1 പരിചയപ്പെടാൻ കഴിയാത്തവയുമായുള്ള മൽപ്പിടുത്തം (Grappling with the unfamiliar)

പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്യൻ പണ്ഡിതർ ദേവീ-ദേവന്മാരുടെ ശില്പങ്ങളിൽ ചിലത് ആദ്യമായി കണ്ടപ്പോൾ ഇവയെന്തിനെക്കുറിച്ചാണെന്ന് അവർക്ക് മനസ്സിലായില്ലായെന്ന് ഓർക്കുന്നത് നന്നായിരി

ക്കും. ചില സമയങ്ങളിൽ അനേകം കൈകളും ശിരസ്സുകളുമുള്ളതോ മനുഷ്യന്റെയും മൃഗങ്ങളുടെയും സംയുക്തരൂപങ്ങളോടു കൂടിയതോ ആയ വിചിത്രമായ രൂപങ്ങൾ ദർശിച്ച അവർക്കു ഭയമാണുണ്ടായത്.

ഈ ആദ്യകാല പണ്ഡിതർ തങ്ങൾക്കു പരിചിതമായ പുരാതന ഗ്രീക്കു ശില്പങ്ങളുമായി താരതമ്യപ്പെടുത്തി ഈ വിചിത്ര ശില്പങ്ങളെ മനസ്സിലാക്കാൻ ശ്രമിച്ചു. ആദ്യകാല ഇന്ത്യൻ ശില്പങ്ങൾ ഗ്രീക്കു കലാകാരരുടെ സൃഷ്ടികളെക്കാൾ പലപ്പോഴും ഗുണം കുറഞ്ഞവയാണെന്ന് അവർ കരുതി. എന്നാൽ വ്യക്തമായും ഗ്രീക്കു മാതൃകകളെ അവലംബിച്ചുള്ള ബുദ്ധന്റെയും ബോധിസത്ത്വന്മാരുടെയും രൂപങ്ങൾ കണ്ടെത്തിയത് അവരെ ആശ്ചര്യപ്പെടുത്തി. ഇൻഡോ - ഗ്രീക്ക് ഭരണാധികാരികൾ ബി.സി.ഇ. രണ്ടാംനൂറ്റാണ്ടിൽ രാജ്യങ്ങൾ സ്ഥാപിച്ച വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിലെ, തക്ഷശില, പെഷവാർ, തുടങ്ങിയ നഗരങ്ങളിലായിരുന്നു പലപ്പോഴും ഇവ കണ്ടെത്തിയത്. ഈ പണ്ഡിതന്മാർക്ക് പരിചിതമായിരുന്ന ഗ്രീക്ക് പ്രതിമകളോട് അങ്ങേയറ്റം സാദൃശ്യമുണ്ടായിരുന്ന ഈ ശില്പങ്ങളെ അവർ കണ്ടിരുന്നത് ആദ്യകാല ഇന്ത്യൻ കലയുടെ ഉത്തമദൃഷ്ടാന്തങ്ങളായിട്ടാണ്. ഫലത്തിൽ, ഈ പണ്ഡിതർ നമ്മൾ പതിവായി ഉപയോഗിക്കുന്ന ഒരു തന്ത്രമാണ് സ്വീകരിച്ചത് - പരിചിതമായവയെ മാനദണ്ഡമാക്കിക്കൊണ്ട് അപരിചിതമായവയെ മനസ്സിലാക്കുക എന്ന തന്ത്രം.



### 11.2 മൂലഗ്രന്ഥങ്ങളും ശില്പങ്ങളും പൊരുത്തപ്പെടുന്നില്ലെങ്കിൽ... (If text and image do not match …)

മറ്റൊരു പ്രശ്നം പരിഗണിക്കാം. ശില്പങ്ങളുടെ സാരാംശം മനസ്സിലാക്കുന്നതിന് കലാചരിത്രകാരർ മൂലഗ്രന്ഥപാരമ്പര്യങ്ങളെയാണ് പലപ്പോഴും ആശ്രയിക്കുന്നതെന്ന് നമ്മൾ കണ്ടതാണല്ലോ. ഇത് ഇന്ത്യൻ ശില്പങ്ങളെ ഗ്രീക്കു ശില്പങ്ങളുമായി താരതമ്യപ്പെടുത്തുന്നതിനെക്കാൾ വളരെയേറെ ഫലപ്രദമായ പഠനതന്ത്രമായിരുന്നെങ്കിലും അത് ഉപയോഗിക്കുന്നത് എപ്പോഴും എളുപ്പമാകണമെന്നില്ല. ഇതിന് ഏറ്റവും താല്പര്യജനകമായ ഉദാഹരണമാണ് കൂറ്റൻ ശിലോപരിതലത്തിൽ സ്ഥിതിചെയ്യുന്ന മഹാബലിപുരത്തെ (തമിഴ്നാട്) പ്രസിദ്ധമായ ശില്പം.

വ്യക്തമായും ചിത്രം 4.30 ൽ ഒരു കഥയുടെ സ്പഷ്ടമായ ചിത്രീകരണമാണുള്ളത്. എന്നാൽ ഇത് ഏത് കഥയാണ്? കലാചരിത്രകാരർ ഇതു തിരിച്ചറിയാനായി പുരാണങ്ങളിലെല്ലാം തേടിയെങ്കിലും കടുത്ത ഭിന്നാഭിപ്രായങ്ങളിലാണ് എത്തിച്ചേർന്നത്. ഗംഗാനദി സ്വർഗത്തിൽ നിന്നു താഴേക്ക് പതിക്കുന്നതാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്ന് ചിലർ അഭിപ്രായപ്പെടുന്നു - പാറയുടെ ഉപരിതലത്തിന്റെ മധ്യത്തിൽ ഉള്ള പ്രകൃതിദത്തമായ വിള്ളൽ നദിയെ പ്രതിനിധീകരിക്കുന്നതാവാം. പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഇക്കഥ വിവരിച്ചിട്ടുണ്ട്. ചിത്രത്തിൽ കേന്ദ്രസ്ഥാനം അലങ്കരിക്കുന്ന ഒരു താപസരൂപം ചൂണ്ടിക്കാട്ടിക്കൊണ്ട് ആയുധ

*ചിത്രം 4.29*
ഗാന്ധാരത്തിൽനിന്നുള്ള ഒരു *ബോധിസത്വൻ* അണിഞ്ഞിരിക്കുന്ന വസ്ത്രവും കേശാലങ്കാരവും ശ്രദ്ധിക്കുക.


സമ്പാദനത്തിനായി അർജുനൻ നദിയോരത്ത് തപസ്സു ചെയ്തു എന്ന *മഹാഭാരത*കഥയാണ് ഈ ശില്പത്തിലുള്ളതെന്ന് മറ്റു ചിലർ കരുതുന്നു.

അവസാനമായി, സ്മാരകങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ, മുതലായ ദൃശ്യവും സ്ഥിരവുമായ രൂപങ്ങളിൽ രേഖപ്പെടുത്തപ്പെടാതെ പോയ ധാരാളം അനുഷ്ടാനങ്ങളും മതവിശ്വാസങ്ങളും ആചാരങ്ങളും ഉണ്ടായിരുന്നുവെന്ന് ഓർമ്മിക്കുക. അനുദിന ആചാരങ്ങളും പ്രത്യേകാവസരങ്ങളിലെ ആചാരങ്ങളും ഇവയിൽ ഉൾപ്പെടുന്നു. മതപ്രവർത്തനത്തിന്റെയും തത്വശാസ്ത്ര ആശയങ്ങളുടെയും ഊർജസ്വലമായ പാരമ്പര്യങ്ങൾ സ്വന്തമായുള്ള വ്യക്തികളോ സമുദായങ്ങളോ പോലും അവയെ ശാശ്വതമായി രേഖപ്പെടുത്തേണ്ട ആവശ്യകത തോന്നാത്തവരായി ഉണ്ടായിരുന്നിരിക്കാം. വാസ്തവത്തിൽ, ഈ അധ്യായത്തിൽ നമ്മൾ ഊന്നൽ നൽകിയിട്ടുള്ള ശ്രദ്ധേയമായ ഉദാഹരണങ്ങൾ മഞ്ഞുമലയുടെ അഗ്രം മാത്രമാണ്.

**ചർച്ച ചെയ്യുക...**

നിങ്ങൾ കണ്ടിട്ടുള്ള ഏതെങ്കിലും മതപരമായ പ്രവർത്തനം വിവരിക്കുക. അത് ഏതെങ്കിലും രൂപത്തിൽ സ്ഥിരമായി രേഖപ്പെടുത്തിയിട്ടുണ്ടോ?

ചിത്രം 1.30
*മഹാബലിപുരത്തെ ഒരു ശില്പം*



## കാലരേഖ 1 (TIMELINE 1)

### പ്രധാന മതസംഭവവികാസങ്ങൾ

### (MAJOR RELIGIOUS DEVELOPMENTS)

| | |
|---|---|
| ഏകദേശം 1500 മുതൽ 1000 ബി.സി.ഇ. വരെ | ആദ്യകാല വേദപാരമ്പര്യങ്ങൾ |
| ഏകദേശം 1000 മുതൽ 500 ബി.സി.ഇ. വരെ | പിൽക്കാല വേദപാരമ്പര്യങ്ങൾ |
| ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് | ആദ്യകാല ഉപനിഷത്തുകൾ; ജൈനമതം, ബുദ്ധമതം |
| ഏകദേശം ബി.സി.ഇ. മൂന്നാം നൂറ്റാണ്ട് | ആദ്യത്തെ സ്തൂപങ്ങൾ |
| ഏകദേശം ബി.സി.ഇ. രണ്ടാം നൂറ്റാണ്ടുമുതൽ | മഹായാനബുദ്ധമതം, വൈഷ്ണവമതം, ശൈവമതം, ദേവീയാരാധനകൾ എന്നിവയുടെ വികാസം |
| ഏകദേശം സി.ഇ. മൂന്നാം നൂറ്റാണ്ട് | ഏറ്റവും പഴയക്ഷേത്രങ്ങൾ |

## കാലരേഖ - 2 (TIMELINE 2)

### ആദ്യകാല സ്മാരകങ്ങളുടെയും ശില്പങ്ങളുടെയും കണ്ടെത്തലിലെയും സംരക്ഷണത്തിലെയും നാഴികക്കല്ലുകൾ

### (LANDMARKS IN THE DISCOVERY AND PRESERVATION OF EARLY MONUMENTS AND SCULPTURE)

**പത്തൊൻപതാം നൂറ്റാണ്ട്**

| | |
|---|---|
| 1814 | കൽക്കത്തയിൽ ഇന്ത്യൻ മ്യൂസിയത്തിന്റെ സ്ഥാപനം |
| 1834 | റാം രാജയുടെ *എസ്സേ ഓൺ ദ് ആർക്കിടെക്ച്ചർ ഓഫ് ദി ഹിന്ദൂസ്* എന്ന കൃതിയുടെ പ്രകാശനം; കണ്ണിങ്ഹാം സാരനാഥിലെ സ്തൂപം പര്യവേഷണം ചെയ്യുന്നു |
| 1835 - 1842 | ജയിംസ് ഫെർഗൂസൻ പ്രധാന പുരാവസ്തു കേന്ദ്രങ്ങൾ സർവേ ചെയ്യുന്നു |
| 1851 | മദ്രാസ്സിലെ ഗവൺമെന്റ് മ്യൂസിയം സ്ഥാപിക്കപ്പെടുന്നു |
| 1854 | സാഞ്ചിയെക്കുറിച്ചുള്ള ഏറ്റവുമാദ്യത്തെ കൃതികളിലൊന്നായ *ഭിൽസാ ടോപ്സ്* അലക്സാണ്ടർ കണ്ണിങ്ഹാം പ്രസിദ്ധീകരിക്കുന്നു |
| 1878 | *ബുദ്ധഗയ : ദി ഹെറിറ്റേജ് ഓഫ് ശാക്യമുനി* എന്ന പുസ്തകം രാജേന്ദ്ര ലാലാ മിത്ര പ്രസിദ്ധീകരിച്ചു |
| 1880 | എച്ച്.എച്ച്.കോൾ, പ്രാചീന സ്മാരകങ്ങളുടെ ക്യൂറേറ്റർ (മേൽനോട്ടക്കാരൻ) ആയി നിയമിക്കപ്പെടുന്നു |
| 1888 | പുരാവസ്തു പ്രാധാന്യമുള്ള ഏതു വസ്തുവും ഏറ്റെടുക്കാനുള്ള അവകാശം സർക്കാരിനു നൽകുന്ന ട്രെഷർ ട്രോവ് ആക്ട് പാസാക്കുന്നു |

**ഇരുപതാം നൂറ്റാണ്ട്**

| | |
|---|---|
| 1914 | ജോൺ മാർഷലും ആൽഫ്രഡ് ഫൗച്ചറും ചേർന്ന് *ദി മോണിമെന്റ്സ് ഓഫ് സാഞ്ചി* പ്രസിദ്ധീകരിക്കുന്നു |
| 1923 | ജോൺ മാർഷൽ *ദി കൺസർവേഷൻ മാന്വൽ* പ്രസിദ്ധീകരിക്കുന്നു |
| 1955 | പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയത്തിന് തറക്കല്ലിടുന്നു |
| 1989 | സാഞ്ചി ഒരു ലോകപൈതൃകകേന്ദ്രമായി പ്രഖ്യാപിക്കപ്പെടുന്നു |

**100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക.**
**(ANSWER IN 100-150 WORDS)**

1. ഉപനിഷത്ത് ചിന്തകരുടെ ആശയങ്ങൾ വിധിവാദികളിൽനിന്നും ഭൗതിക വാദികളിൽനിന്നും വ്യത്യസ്തമായിരുന്നോ? ഉത്തരമെഴുതി കാരണങ്ങൾ വ്യക്തമാക്കുക.
2. ജൈനമതത്തിന്റെ കേന്ദ്രാശയങ്ങൾ സംഗ്രഹിക്കുക.
3. സാഞ്ചിയിലെ സ്തൂപം സംരക്ഷിക്കുന്നതിൽ ഭോപ്പാലിലെ ബീഗം എന്ന റിയപ്പെടുന്ന ഭരണാധികാരികൾ വഹിച്ച പങ്കിനെക്കുറിച്ച് ചർച്ചചെയ്യുക.
4. ഈ ചെറുലിഖിതം വായിച്ച് ഉത്തരമെഴുതുക:

   *തിപിടക*യെ അറിയുന്ന ബുദ്ധമത *ഭിക്കുണി*യുടെ സഹോദരീപുത്രിയും *തിപിടക*യെ അറിയുന്ന ബല എന്ന *ഭിക്കു*വിന്റെ ശിഷ്യയുമായ ധനവതി എന്ന *ഭിക്കുണി* തന്റെ അച്ഛനമ്മമാരോടൊത്ത്, കുശാനരാജാവായ *മഹാരാജാ* ഹുവിഷ്കന്റെ മുപ്പത്തിമൂന്നാംവർഷത്തിൽ ചൂടുകാലത്തിന്റെ ഒന്നാംമാസം എട്ടാംദിവസം മധുവനികയിൽ ഒരു ബോധിസത്തനെ സ്ഥാപിക്കുകയുണ്ടായി.

   എ) എങ്ങനെയാണ് ധനവതി തന്റെ വിവരണങ്ങളുടെ തീയതി പരാമർശിച്ചിരിക്കുന്നത്?

   ബി) അവർ ബോധിസത്വന്റെ പ്രതിഷ്ഠ നിർവഹിച്ചത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?

   സി) അവർ പരാമർശിച്ച ബന്ധുക്കളാരായിരുന്നു?

   ഡി) ഏത് ബുദ്ധമതഗ്രന്ഥമാണ് അവർക്ക് അറിയാമായിരുന്നത്?

   ഇ) ആരിൽ നിന്നാണ് അവർ ഈ കൃതി അഭ്യസിച്ചിരുന്നത്?
5. സ്ത്രീകളും പുരുഷന്മാരും *സംഘ*ത്തിൽ ചേർന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?




ചിത്രം 1.31
സാഞ്ചിയിലെ ഒരു ശില്പം


**ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (ഏകദേശം 500 വാക്കുകൾ) എഴുതുക.**
**(WRITE A SHORT ESSAY (ABOUT 500 WORDS) ON THE FOLLOWING :)**

6. ബുദ്ധസാഹിത്യത്തെക്കുറിച്ചുള്ള അറിവ് സാഞ്ചിയിലെ ശില്പം മനസ്സിലാക്കുന്നതിന് എത്രത്തോളം സഹായിക്കുന്നു?
7. ചിത്രങ്ങൾ 4.32 ഉം 4.33 ഉം സാഞ്ചിയിലെ രണ്ടു രംഗങ്ങളാണ്. വാസ്തുവിദ്യയിലും സസ്യജാലങ്ങളിലും മൃഗങ്ങളിലും പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവയിൽ ഓരോന്നിലും നിങ്ങൾ കാണുന്നത് എന്താണെന്ന് വിശദീകരിക്കുക. ഏതിലാണ് ഗ്രാമീണരംഗവും നാഗരികരംഗവും ചിത്രീകരിച്ചിരിക്കുന്നതെന്ന് തിരിച്ചറിയുക. നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ നൽകുക.
8. വൈഷ്ണവമതത്തിന്റെയും ശൈവമതത്തിന്റെയും ഉത്ഭവവുമായി ബന്ധപ്പെട്ടു ശില്പകലയിലും വാസ്തുവിദ്യയിലും ഉണ്ടായ വികാസത്തെക്കുറിച്ച് ചർച്ചചെയ്യുക.
9. സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടത് എങ്ങനെയെന്നും എന്തുകൊണ്ടെന്നും ചർച്ചചെയ്യുക.

ചിത്രം. 4.32



ചിത്രം 4.33



## ഭൂപട പ്രവർത്തനം (MAP WORK)

10. ലോകഭൂപടത്തിന്റെ രൂപരേഖയിൽ ബുദ്ധമതം വ്യാപിച്ച പ്രദേശങ്ങൾ അടയാളപ്പെടുത്തുക. ഉപഭൂഖണ്ഡത്തിൽനിന്ന് ഈ പ്രദേശങ്ങളിലേക്കുള്ള കര, കടൽ മാർഗങ്ങൾ കണ്ടെത്തുക.

## പ്രോജക്ട് (ഒന്ന് തിരഞ്ഞെടുക്കുക) (PROJECTS (ANY ONE))

11. ഈ അധ്യായത്തിൽ ചർച്ചചെയ്ത മതപാരമ്പര്യങ്ങളിൽ ഏതെങ്കിലും നിങ്ങളുടെ സമീപപ്രദേശത്ത് നിലനിൽക്കുന്നുണ്ടോ? ഇന്ന് ഉപയോഗിക്കുന്ന മതഗ്രന്ഥങ്ങൾ എന്തൊക്കെയാണെന്നും അവ സംരക്ഷിക്കപ്പെടുന്നതും തത്ത്വങ്ങൾ പകർന്നു കൊടുക്കപ്പെടുന്നതും എങ്ങനെയെന്നും വിവരിക്കുക. ആരാധനയ്ക്കായി വിഗ്രഹങ്ങൾ ഉപയോഗിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്നതിൽനിന്നും സമാനമോ വ്യത്യസ്തമോ ആണോ ഇവ? ആദ്യകാലത്തെ സ്തൂപങ്ങളും ക്ഷേത്രങ്ങളുമായി താരതമ്യംചെയ്തുകൊണ്ട് ഇന്നത്തെ മതകാര്യ നിർമ്മിതികളെ വിലയിരുത്തുക.

12. വ്യത്യസ്ത കാലഘട്ടങ്ങളും പ്രദേശങ്ങളുമായി ബന്ധപ്പെട്ടതും ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന മതപാരമ്പര്യങ്ങളെക്കുറിച്ചുമുള്ളതുമായ ശില്പങ്ങളുടെയോ ഛായാ ചിത്രങ്ങളുടെയോ കുറഞ്ഞത് അഞ്ചു ചിത്രങ്ങളെങ്കിലും ശേഖരിക്കുക. അവയുടെ അടിക്കുറിപ്പുകൾ നീക്കംചെയ്യുകയും ഓരോന്നും രണ്ടു വ്യക്തികളെ വീതം കാണിക്കുകയും അവർ കണ്ടതിനെക്കുറിച്ച് വിവരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക. അവരുടെ വിവരണങ്ങൾ താരതമ്യംചെയ്ത് നിങ്ങളുടെ കണ്ടെത്തലുകളെക്കുറിച്ച് ഒരുറിപ്പോർട്ട് തയാറാക്കുക.

**നിങ്ങൾക്ക് കൂടുതൽ അറിയാൻ ആഗ്രഹമുണ്ടെങ്കിൽ, വായിക്കുക :**


എ.എൽ. ബാഷാം.1985.
*ദി വണ്ടർ ദാറ്റ് വാസ് ഇന്ത്യ.*
രൂപ, കൽക്കത്ത.

എൻ.എൻ. ഭട്ടാചാരിയ.1996.
*ഇന്ത്യൻ റിലീജിയസ് ഹിസ്റ്റോറിയോഗ്രാഫി.*
മുൻഷിറാം മനോഹർലാൽ,
ന്യൂഡൽഹി.

എം.കെ. ധവാലിക്കർ.2003.
*മോണുമെന്റൽ ലെഗസി ഓഫ് സാഞ്ചി.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

പോൾ ഡുൺടാസ്.1992.
*ദി ജയിൻസ്.*
റൂട്ട്ലെഡ്ജ്, ലണ്ടൻ.

ഗവിൻ ഫ്ളെഡ്.2004.
*ഇൻട്രോഡക്ഷൻ ടു ഹിന്ദുയിസം.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്,
കേംബ്രിഡ്ജ്.

റിച്ചാർഡ് എഫ് ഗോമ്ബ്റിച്ച്.1988.
*തേരവാദ ബുദ്ധിസം : എ സോഷ്യൽ ഹിസ്റ്ററി ഫ്രം എൻഷ്യന്റ് ബനാറസ് ടു മോഡേൺ കൊളംബോ.*
റൂട്ട്ലെഡ്ജ് ആൻഡ് കെഗൻ പോൾ,
ലണ്ടൻ.

ബെഞ്ചമിൻ റൗലാൻഡ്.1967.
*ദി ആർട്ട് ആൻഡ് ആർക്കിടെക്ചർ ഓഫ് ഇന്ത്യ : ബുദ്ധിസ്റ്റ്/ഹിന്ദു/ജയിൻ.*
പെൻഗ്വിൻ ബുക്ക്സ്,
ഹാർമോണ്ട്സ്വർത്ത്.


**അധിക വിവരങ്ങൾക്കായി, നിങ്ങൾക്ക് സന്ദർശിക്കാം:**

http://dsal.uchicago.edu/images/aiis/

## ചിത്രങ്ങളുടെ കടപ്പാട് (Credits for Illustrations)

### പ്രമേയം 1 (Theme 1)

പ്രമേയം 1.1, 1.2, 1.3, 1.4, 1.5, 1.6, 1.8, 1.11, 1.12, 1.13, 1.14, 1.15, 1.16, 1.20, 1.22, 1.23, 1.26, 1.28, 1.29, അദ്ധ്യായത്തിലെ ചിത്രം 1.30 :

ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ ആൻഡ് നാഷണൽ മ്യൂസിയം, ന്യൂഡൽഹി

ചിത്രം 1.7, 1.9, 1.10, 1.17, 1.18, 1.19, 1.21, 1.24:

ജൊനാഥൻ മാർക്ക് കെനോയർ

ചിത്രം 1.27:

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ്, ന്യൂഡൽഹി

### പ്രമേയം 2 (Theme 2)

ചിത്രം 2.1: അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സ്റ്റഡീസ്, ഗുർഗോൺ

ചിത്രം 2.2, 2.6 : ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ

ചിത്രം 2.3, 2.5, 2.10:

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ്, ന്യൂഡൽഹി

ചിത്രം 2.4, 2.7, 2.9, 2.12, 2.13: നാഷണൽ മ്യൂസിയം, ന്യൂഡൽഹി

ചിത്രം 2.8: വിക്കിപീഡിയ

### പ്രമേയം 3 (Theme 3)

ചിത്രം 3.1, 3.10: ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ

ചിത്രം 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9: നാഷണൽ മ്യൂസിയം, ന്യൂഡൽഹി

### പ്രമേയം 4 (Theme 4)

ചിത്രം 4.1, 4.5, 4.8, 4.9, 4.12, 4.13, 4.14, 4.15, 4.16, 4.17, 4.18, 4.19, 4.21, 4.22, 4.23, 4.24, 4.25, 4.26, 4.27, 4.29, 4.31, അദ്ധ്യായത്തിലെ ചിത്രം 4.32 ഉം 33 ഉം :

അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സ്റ്റഡീസ്, ഗുർഗോൺ

ചിത്രം 4.2: വിക്കിപീഡിയ

ചിത്രം 4.3, 4.11, 4.28, 4.30:

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ്, ന്യൂഡൽഹി

ചിത്രം 4.4, 4.6, 4.7, 4.20: നാഷണൽ മ്യൂസിയം, ന്യൂഡൽഹി